18
2026
ജൂലൈ
ശനി
കർക്കിടകം 2

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം | Thiruvananthapuram | web: www. nauticaltimesmedia.com | Volume-7, Issue No. 143 Page 4, | Price: Rs. 2 | പുസ്തകം-7 ലക്കം-143 | പേജ് 4. വില 2.00 രൂപ




02 സ്പെയിൻ : അർജൻറീന ഫൈനൽ

03 പിഎസ്സി ചെയർമാനെയും അംഗങ്ങളെയും പിരിച്ചുവിടണം: പി കെ കൃഷ്ണദാസ്

04 പ്രിയദർശിനി വൻവിജയമെന്ന് മന്ത്രി സി പി ജോൺ

# ഇന്ത്യയുടെ ആദ്യഹൈഡ്രജൻ ട്രെയിൻ ഉദ്ഘാടനം ചെയ്തു



ചണ്ഡീഗഢ്: ഹൈഡ്രജൻ എൻജിനുമായി കുതിക്കാൻ റെയിൽവേ. രാജ്യത്തെ ആദ്യ ഹൈഡ്രജൻ എൻജിൻ തീവണ്ടി വെള്ളിയാഴ്ച ഹരിയാണയിലെ ജിന്ദ് റെയിൽവേസ്റ്റേഷനിൽ പ്രധാനമന്ത്രി നരേന്ദ്രമോദി ഫ്ളാഗ് ഓഫ് ചെയ്തു.

പൂർണമായും തദ്ദേശീയമായാണ് വികസിപ്പിച്ചത്. പരിസ്ഥിതിസൗഹൃദയാത്രയാണ് ഹൈഡ്രജൻ തീവണ്ടികളുടെ പ്രത്യേകത. ജിന്ദിൽ 14,700 കോടിയുടെ വിവിധ വികസനപദ്ധതികളുടെ ഉദ്ഘാടനവും തറക്കല്ലിടലും മോദി നടത്തും.

ഹൈഡ്രജനും ഓക്സിജനും സംയോജിപ്പിച്ച് വൈദ്യുതി ഉത്പാദിപ്പിച്ചാണ് തീവണ്ടിയുടെ പ്രവർത്തനം. ഹൈഡ്രജൻ ഫ്യൂവൽ സെൽ സാങ്കേതികവിദ്യയാണ് ഉപയോഗപ്പെടുത്തുന്നത്.

2600 പേർക്ക് സഞ്ചരിക്കാം. ജിന്ദിൽ പ്രത്യേക ഹൈഡ്രജൻ ഉത്പാദന, റീഫ്യൂവലിങ് പ്ലാന്റും സജ്ജമാക്കി. ഇവിടെ കംപ്രസ്ചെയ്ത ഹൈഡ്രജൻ വാതകം സംഭരിക്കാനും വിതരണം ചെയ്യാനും സംവിധാനമുണ്ട്. 3200 എച്ച്. പി. പ്രൊപ്പൽഷൻ സിസ്റ്റം എൻജിനിൽ സജ്ജീകരിച്ചിട്ടുണ്ട്. മണിക്കൂറിൽ 75 കിലോമീറ്റർ വേഗത്തിലാകും നിലവിൽ ഓടുക. എന്നാൽ, മണിക്കൂറിൽ 110 കിലോമീറ്റർ പരമാവധി വേഗം കൈവരിക്കാൻ വണ്ടിക്കാകും.

വാണിജ്യ ഹൈഡ്രജൻ യാത്രാവണ്ടികൾ ആദ്യമായി അവതരിപ്പിച്ച രാജ്യം ജർമനിയാണ്. ഫ്രാൻസ്, ജപ്പാൻ, ചൈന, യു. എസ്. എന്നീ രാജ്യങ്ങൾക്കുശേഷം ഹൈഡ്രജൻ തീവണ്ടി ഓടിക്കുന്ന ആറാമത്തെ രാജ്യമായി ഇന്ത്യ മാറും. മറ്റുരാജ്യങ്ങളിൽ രണ്ടു മുതൽ നാലുവരെ കോച്ചുകളാണുള്ളത്.

ഹൈഡ്രജൻ വാഹനം ഉപയോഗിക്കുന്നതിലൂടെ പരിസ്ഥിതി ഇപ്പോൾ നേരിടുന്ന ആഘാതങ്ങൾ കുറച്ചുകൊണ്ടുവരാൻ കഴിയും. കാർബൺ വിമുക്ത യാത്ര തന്നെയാണ് എടുത്തുപറയേണ്ടത്. ഡീസൽ ഇന്ധനത്തിനു പകരമായി ഹൈഡ്രജൻ ഉപയോഗിക്കുന്നതിലൂടെ പ്രതിവർഷം ലക്ഷക്കണക്കിന് ടൺ കാർബൺ പുറന്തള്ളൽ ഒഴിവാക്കാൻ റെയിൽവേയ്ക്കു സാധിക്കും. ഇന്ധനക്ഷമതയിലും ഇത്തരം ട്രെയിനുകൾ മുന്നിലാണ്. കൽക്കരിയോ ഡീസലോ കത്തിച്ച് ഊർജം ഉത്പാദിപ്പിക്കുന്നതിനേക്കാൾ വളരെ ഉയർന്ന ഊർജക്ഷമത ഹൈഡ്രജനുണ്ട്. കൂടാതെ പരമ്പരാഗത ഐസി എൻജിനുകളേക്കാൾ കാര്യക്ഷമത ഫ്യൂവൽ സെല്ലുകൾക്കുണ്ട്.

ശബ്ദമലിനീകരണം കുറയുന്നു എന്നതും എടുത്തുപറയേണ്ട വസ്തുതയാണ്. ഡീസൽ എൻജിനുകളെ അപേക്ഷിച്ച് ഹൈഡ്രജൻ ഫ്യൂവൽ സെൽ ട്രെയിനുകൾ വളരെ നിശബ്ദമായാണ് സർവീസ് നടത്തുന്നത്. ഇതു യാത്രക്കാർക്കും റെയിൽപ്പാതയ്ക്ക് ഇരുവശവുമുള്ള ജനങ്ങൾക്കും മികച്ച അന്തരീക്ഷം ഉറപ്പുനൽകുന്നു. കൂടാതെ, വൈദ്യുതി ലൈനുകൾ സ്ഥാപിക്കാൻ ബുദ്ധിമുട്ടുള്ള മലയോര മേഖലകളിലും ദുർഘടപാതകളിലും വലിയ ചെലവില്ലാതെ ഹരിത ഗതാഗതം സാധ്യമാക്കാൻ ഇത് സഹായിക്കും.

ഹൈഡ്രജൻ ട്രെയിൻ സാങ്കേതികവിദ്യ വിജയകരമായി നടപ്പാക്കുന്ന ലോകത്തിലെ ചുരുക്കം ചില രാജ്യങ്ങളുടെ പട്ടികയിൽ (അമേരിക്ക, ജർമനി, ചൈന, ജപ്പാൻ) ഇന്ത്യയും ഇടംപിടിച്ചിരിക്കുന്നു. എന്നാൽ മറ്റു രാജ്യങ്ങളെ അപേക്ഷിച്ച് വലിയൊരു നേട്ടവും ഇന്ത്യ സ്വന്തമാക്കി. നിലവിൽ സർവീസ് നടത്തുന്ന ഭൂരിഭാഗം ഹൈഡ്രജൻ ട്രെയിനുകൾക്കും പരമാവധി നാല് പാസഞ്ചർ കോച്ചുകൾ മാത്രമാണുള്ളത്. അതേസമയം, ഇന്ത്യ നിർമിച്ചത് പത്തു കോച്ചുകളുള്ള വമ്പൻ പാസഞ്ചർ ട്രെയിനാണ്. ഏകദേശം 2,600 പേർക്ക് ഒരേ സമയം യാത്ര ചെയ്യാം. . !

# വഖഫ് ബോർഡ് നിയമനം: കടുത്ത നിലപാടുമായി പ്രതിപക്ഷ നേതാവ്

തിരുവനനന്തപുരം: വഖഫ് ബോർഡിലേക്ക് അമുസ്ലിം വിഭാഗത്തിൽ നിന്നുള്ള അംഗങ്ങളെ ഉൾപ്പെടുത്താനുള്ള നീക്കം മതപരമായ സ്വയംഭരണാവകാശത്തിന് മേലുള്ള കടന്നുകയറ്റമാണെന്ന് പ്രതിപക്ഷ നേതാവ് പിണറായി വിജയൻ. മതപരമായ സ്വഭാവമുള്ള ഇത്തരം സ്ഥാപനങ്ങളിൽ മറ്റ് മതസ്ഥരെ നിർബന്ധപൂർവ്വം ഉൾപ്പെടുത്താനുള്ള ശ്രമം മതനിരപേക്ഷതയ്ക്ക് നിരക്കുന്നതല്ലെന്നും അദ്ദേഹം പറഞ്ഞു.

വഖഫ് സ്വത്തുക്കൾ മുസ്ലിം മതവിശ്വാസികളുടെ മതപരമായ എൻഡോവ്മെൻറുകളാണ്. അതിനാൽ, ആ സമുദായത്തിന് സ്വന്തം സ്ഥാപനങ്ങൾ നിയന്ത്രിക്കാനുള്ള അവകാശമുണ്ടെന്നും അതിലേക്ക് പുറത്തുനിന്നുള്ളവരെ നിയമിക്കുന്നത് ശരിയായ കീഴ്വഴക്കമല്ലെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

എല്ലാവരെയും ഉൾക്കൊള്ളുക എന്നത് മതനിരപേക്ഷതയാണെങ്കിലും, ഒരു മതപരമായ സ്ഥാപനത്തിൻറെ തനിമയും സ്വഭാവവും തകർക്കുന്ന രീതിയിലുള്ള ഇടപെടലുകൾ മതനിരപേക്ഷതയല്ല, മറിച്ച് വിശ്വാസ സ്വാതന്ത്ര്യത്തിന്മേലുള്ള കടന്നുകയറ്റമാണെന്നും പ്രതിപക്ഷ നേതാവ് പറഞ്ഞു.

# ഇൻഡിഗോ വിമാനത്തിൽ വ്യാജ ബോംബ് ഭീഷണി

ബംഗളൂരു: കെമ്പഗൗഡ അന്താരാഷ്ട്ര വിമാനത്താവളത്തിൽ നിന്ന് പുറപ്പെടാനിരുന്ന ബംഗളൂരുഅഹമ്മദാബാദ് ഇൻഡിഗോ വിമാനത്തിന് നേരെ വ്യാജ ബോംബ് ഭീഷണി. സംഭവത്തിൽ പോലീസ് കേസെടുത്ത് അന്വേഷണം ആരംഭിച്ചു. വെള്ളിയാഴ്ച രാത്രി എട്ടിന് ബംഗളൂരുവിൽ നിന്ന് പുറപ്പെടേണ്ടിയിരുന്ന ഇൻഡിഗോ 6ഇ6423 വിമാനത്തിലാണ് സംഭവം നടന്നത്.

രാത്രി ഏഴരയോടെ വിമാനത്തിലെ ശുചിമുറിയിൽ നിന്ന് ജീവനക്കാർക്കാണ് കൈകൊണ്ടെഴുതിയ കുറിപ്പ് ലഭിക്കുന്നത്. 'ദയവായി പോകരുത്, ബോംബ് ഉണ്ട്!' എന്നായിരുന്നു കുറിപ്പിൽ എഴുതിയിരുന്നത്.

ജീവനക്കാർ വിവരം സുരക്ഷാ ഏജൻസികളെ അറിയിച്ചു. ഇതേതുടർന്ന് യാത്രക്കാരെയും ജീവനക്കാരെയും സുരക്ഷിതമായി മാറ്റിയ ശേഷം ബോംബ് സ്ക്വാഡും സുരക്ഷാ ഉദ്യോഗസ്ഥരും വിമാനത്തിൽ വിശദമായ പരിശോധന നടത്തി. എന്നാൽ സംശയാസ്പദമായയാതൊന്നും കണ്ടെത്താനായില്ല.

ഈ ഭീഷണി യാത്രക്കാരുടെയും ജീവനക്കാരുടെയും വിമാനത്തിൻറെയും സുരക്ഷയെ ബാധിക്കുന്ന ആശങ്കകൾക്ക് കാരണമായെന്നും സർവീസിനെ സാരമായി തടസപ്പെടുത്തിയെന്നും കാണിച്ച് ഇൻഡിഗോ അധികൃതർ പോലീസിൽ പരാതി നൽകി.

പരാതിയുടെ അടിസ്ഥാനത്തിൽ എഫ്ഐആർ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും, ഈ വ്യാജ ഭീഷണിക്ക് പിന്നിൽ പ്രവർത്തിച്ചയാളെ കണ്ടെത്താനും അതിൻറെ പിന്നിലെ ലക്ഷ്യം വ്യക്തമാക്കാനുമുള്ള അന്വേഷണം പുരോഗമിക്കുകയാണെന്നും പോലീസ് അറിയിച്ചു.

# കേരളം മുമ്പെങ്ങും നേരിട്ടിട്ടില്ലാത്ത വൈദ്യുതി പ്രതിസന്ധി; 1000 മെഗാവാട്ട് ഉപയോഗം കൂടി

തിരുവനന്തപുരം. സംസ്ഥാനത്തെ വൈദ്യുതി പ്രതിസന്ധിയിൽ പ്രതികരണവുമായി കെഎസ്ഇബി ചെയർമാൻ എം.ജി. രാജമാണിക്യം. കേരളം മുൻപെങ്ങും നേരിട്ടിട്ടില്ലാത്ത പ്രതിസന്ധിയാണ് നേരിടുന്നതെന്നും ഉപയോഗം മുൻ വർഷത്തെക്കാൾ 1000 മെഗാവാട്ട് കൂടിയെന്നും കെഎസ്ഇബി ചെയർമാൻ പറഞ്ഞു. ഇത്ര ഉയർന്ന ഉപയോഗം കെഎസ്ഇബി പ്രതീക്ഷിച്ചില്ല. ഈ സമയത്ത് പ്രതീക്ഷിച്ചത് 4000 മെഗാവാട്ട് മാത്രമാണെന്നും ചെയർമാൻ ചൂണ്ടിക്കാട്ടി.

ആസൂത്രണത്തിൽ വീഴ്ചയുണ്ടായില്ലെന്ന് എം.ജി. രാജമാണിക്യം കൂട്ടിച്ചേർത്തു. പുറത്തുനിന്ന് വൈദ്യുതി കിട്ടാനില്ല. വൈദ്യുതി വാങ്ങിയ ചെലവും കുത്തനെ കൂടുന്നു. 650 കോടിക്കാണ് മുൻ വർഷം വാങ്ങിയത്. ഈ വർഷം രണ്ടു മാസം മാത്രം 350 കോടിക്ക് വാങ്ങി. വലിയ ഭാരം ഉപഭോക്താവിന് ഏൽക്കാതിരിക്കാൻ ശ്രമം നടത്തുകയാണ്. എന്നാൽ ഭാരം ഉപഭോക്താവും വഹിക്കേണ്ടി വരും.

ദീർഘകാല കരാർ റഗുലേറ്ററി കമ്മീഷൻ റദ്ദാക്കിയ നടപടിയാണ് ഇപ്പോഴത്തെ പ്രതിസന്ധിക്ക് കാരണമെന്ന മന്ത്രിയുടെ അഭിപ്രായം ശരിയെന്ന് കെഎസ്ഇബി ചെയർമാൻ വെളിപ്പെടുത്തി. ചീമേനിയിലെ ആണവനിലയം സർക്കാർ നയം അനുസരിച്ചെന്നും കെഎസ്ഇബി ചെയർമാൻ വിശദമാക്കി.

# റോഷി അഗസ്റ്റിനെതിരായ പരാതി; വിജിലൻസ് അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചു

ഇടുക്കി: മലങ്കര ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട് മുൻ മന്ത്രി റോഷി അഗസ്റ്റിനെതിരെ ഉയർന്ന അഴിമതി ആരോപണത്തിൽ വിജിലൻസ് പ്രാഥമിക അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചു. വിജിലൻസ് ഇടുക്കി ഡിവൈഎസ്പിയുടെ നേതൃത്വത്തിൽ നടത്തിയ അന്വേഷണത്തിൻറെ റിപ്പോർട്ടാണ് ദക്ഷിണ മേഖല വിജിലൻസ് എസ്പിക്ക് കൈമാറിയത്.എസ്പിയുടെ പരിശോധനയ്ക്ക് ശേഷം ഈ റിപ്പോർട്ട് വിജിലൻസ് ഉന്നതതലത്തിലേക്ക് അയക്കും. ഇതിന് ശേഷമായിരിക്കും പരാതിയിൽ ഔദ്യോഗികമായി കേസെടുക്കണോ എന്ന കാര്യത്തിൽ അന്തിമ തീരുമാനമുണ്ടാകുക. എന്നാൽ, പ്രാഥമിക അന്വേഷണത്തിൽ റോഷി അഗസ്റ്റിനെതിരെയുള്ള പരാതിയിൽ പറയുന്ന തരത്തിലുള്ള ക്രമക്കേടുകളൊന്നും കണ്ടെത്താനായിട്ടില്ലെന്നാണ് സൂചന.മലങ്കര ടൂറിസം പ്രോജക്ടിൽ ജലവിഭവ വകുപ്പിൻറെ കീഴിൽ 112 കോടി രൂപയുടെ അഴിമതി നടന്നുവെന്ന് കാണിച്ച് മുട്ടം സ്വദേശിയായ പ്രാദേശിക കോൺഗ്രസ് നേതാവ് ബേബി ജോസാണ് പരാതി നൽകിയിരുന്നത്. ജലവിഭവ വകുപ്പിൻറെ നിയന്ത്രണത്തിലുള്ള മുന്നൂറോളം ഏക്കർ ഭൂമി, കോഴിക്കോട് ആസ്ഥാനമായി പ്രവർത്തിക്കുന്ന ഒരു സ്വകാര്യ കമ്പനിക്ക് 30 വർഷത്തേക്ക് വളരെ തുച്ഛമായ തുകയ്ക്ക് കരാർ നൽകി എന്നതായിരുന്നു പരാതിയിലെ പ്രധാന ആരോപണം.

# എൻജിൻ നിലച്ച് നടുക്കടലിൽ മത്സ്യബന്ധന വള്ളം; രക്ഷകരായി ഫിഷറീസും കോസ്റ്റൽ പോലീസും

കൊച്ചി: പ്രൊപ്പല്ലറിൽ വല കുടുങ്ങിയതിനെ തുടർന്ന് എൻജിൻ നിലച്ച് കടലിൽ ഒഴുകിയ മത്സ്യബന്ധന വള്ളത്തിന് ഫിഷറീസും കോസ്റ്റൽ പോലീസും രക്ഷകരായി.

കഴിഞ്ഞ ദിവസം 40 തൊഴിലാളികളുമായി കാളമുക്ക് ഫിഷ് ലാൻഡിംഗ് സെൻററിൽ നിന്നും കടലിൽ മത്സ്യബന്ധനത്തിന് പോയ വാടയിൽ എന്ന ഇൻബോഡ് വള്ളം കൊച്ചി തീരത്തിന് പടിഞ്ഞാറ് വച്ച് വൈകുന്നേരം അഞ്ചോടെയാണ് അപകടത്തിൽപ്പെട്ടത്. ഫിഷറീസ് സ്റ്റേഷനിൽ വിവരം ലഭിച്ചതിനെ തുടർന്ന് അസിസ്റ്റൻറ് ഡയറക്ടർ ജിബിനയുടെ നിർദേശ പ്രകാരം കോസ്റ്റൽ സിപിഒ ജോർജ് ഗ്ലാഡിൻ, റെസ്ക്യൂ ഗാർഡുമാരായ ബൈജു, ജിപ്സൺ എന്നിവർ കടലിലെത്തി അഞ്ചു മണിക്കൂർ നീണ്ട പ്രയത്നത്തിലൂടെ വള്ളം കെട്ടിവലിച്ച് രാത്രി പത്തോടെ വൈപ്പിൻ ഫിഷറീസ് ജെട്ടിയിൽ എത്തിക്കുകയായിരുന്നു.



## ഡോ. എം.കെ. റാമിനെ അറസ്റ്റ്ചെയ്യാത്തതിൽ അതൃപ്തിപ്രകടമാക്കി ഹൈക്കോടതി

കൊച്ചി: അഞ്ചരക്കണ്ടി ദന്തൽ കോളജ് വിദ്യാർഥി നിതിൻ രാജിൻറെ മരണത്തിൽ പ്രതിയായ ഡോ. എം.കെ. റാമിനെ അറസ്റ്റ് ചെയ്യാത്തതിൽ അതൃപ്തി രേഖപ്പെടുത്തി ഹൈക്കോടതി. സുപ്രീം കോടതി മുൻകൂർ ജാമ്യം നിഷേധിച്ചിട്ടും അറസ്റ്റ് ചെയ്യാത്തത് എന്തുകൊണ്ടാണെന്ന് ഹൈക്കോടതി ചോദിച്ചു. ഡോ. റാമിനെ അറസ്റ്റ് ചെയ്യാത്തതിൽ പോലീസിനെ കോടതി രൂക്ഷമായി വിമർശിച്ചു. പ്രതികളെ അറസ്റ്റ് ചെയ്യുന്നതിൽ പോലീസിന് രണ്ടു നീതിയാണെന്നും കൈ വിറയ്ക്കുന്ന പോലീസിന് എങ്ങനെ നീതി നടപ്പാക്കാനാകുമെന്നും കോടതി വിമർശിച്ചു. പ്രതിയെ പിടികൂടാത്തതിൻറെ ഉത്തരവാദിത്തം എഡിജിപി എച്ച് വെങ്കിടേഷിനാണെന്നും കോടതി പറഞ്ഞു. ജസ്റ്റിസ് എ. ബദറുദീൻ അധ്യക്ഷനായ സിംഗിൾ ബെഞ്ച് പോലീസിനെതിരേ വിമർശനം ഉയർത്തിയത്.



# സ്പെയിൻ X അർജൻറീന ഫൈനൽ



അങ്ങനെ ലോകകപ്പ് ഫൈനൽ പോരാട്ടം ഉറപ്പിച്ചു! മെസി മാജിക്കിൽ അർജൻറീനയോ, കരളുറപ്പിൻറെ വീറിൽ സ്പെയിനോ കാൽപന്താട്ടം ഒരു മാസം പിന്നിടുമ്പോൾ അവശേഷിക്കുന്ന ഏക ചോദ്യം! ഫുട്ബോളിലെ സുവർണ സിംഹാസനത്തിനായി ലോക ചാമ്പ്യന്മാരായ അർജൻറീന യൂറോപ്യൻ ചാമ്പ്യന്മാരായ സ്പെയിനുമായി മുട്ടുമ്പോൾ ആരാധകരുടെ ഉദ്വേഗത്തിന് പെരുമ്പറയുടെ മുഴക്കം. പ്രതീക്ഷകൾക്ക് ആവേശത്തിൻറെ വർണപ്പകിട്ട്.

സെമിയിൽ ഫ്രാൻസിനെ ചിതറിച്ച കളി കണ്ടോ... സ്പാനിഷ് ആരാധകർ നീലപ്പടയുടെ മൂക്ക് തൊടുന്നു. എത്ര പിന്നിൽ പോയാലും മെസി അവതരിക്കും... കാളക്കൂറ്റൻറെ കൊമ്പിൽത്തന്നെയാണ് അർജൻറീന ആരാധകരുടെ മരണപ്പിടിത്തം. ലാമിൻ യമാൽ എന്ന പേര് പറഞ്ഞുതീരുംമുമ്പ് എതിരാളികളുടെ മുഖത്ത് കൊച്ചു പയ്യൻ പാവം എന്ന പുച്ഛം. ഉരുക്കു പടക്കപ്പലുകളാണ് സ്പാനിഷ് അർമാഡയുടേതെന്ന് നെഞ്ചുവിരിച്ച് ലാറോജയുടെ പടപ്പാട്ടുകാർ. തിങ്കളാഴ്ച പുലർച്ചെ 12.30ൻറെ കിക്കോഫ് വരെ സമ്മർദം മുറുകിക്കൊണ്ടിരിക്കും. ഫൈനൽ വിസിലിൽ ആഘോഷവിസ്ഫോടനം യൂറോപ്പിലോ ലാറ്റിൻ അമേരിക്കയിലോ

ആ കാത്തിരിപ്പിനൊരു സുഖമുണ്ട്. കടുത്ത കളിജ്വരത്തിൻറെയും അന്തമില്ലാത്ത പ്രതീക്ഷകളുടെയും ഉച്ചസ്ഥായിയിലേക്കുള്ള യാത്രയും അവിടന്ന് ആഘോഷരാവിൻറെ വന്യതയിലേക്കുള്ള കൂപ്പുകുത്തലും. ഫുട്ബോൾ എന്ന കല അതിൻറെ സർവസൗന്ദര്യത്തോടെ ന്യൂജഴ്സി സ്റ്റേഡിയത്തിൽ അർമാദിക്കട്ടെ!

സെമി ഫൈനലിൽ ശക്തരായ ഫ്രാൻസിനെ ഞെട്ടിച്ചതാണ് സ്പെയിൻ. അതുവരെ കണ്ട ഫ്രാൻസിൻറെ കളി ചാമ്പ്യന്മാരുടേതായിരുന്നു. അവരുടെ ആരാധകർക്കെങ്കിലും അക്കാര്യത്തിൽ സംശയമില്ലായിരുന്നു. എന്നാൽ, മത്സരത്തിൻറെ തുടക്കം മുതൽ ഒടുക്കം വരെ ആധിപത്യം പുലർത്തിയ ലൂയിസ് ഡെ ലാ ഫ്യൂൻറെയുടെ സംഘം ആ വിശ്വാസം പൊളിച്ചടുക്കി. കൃത്യതയാർന്ന ഫിനിഷിംഗിലൂടെയും പന്ത് കൈയടക്കിയുള്ള മികച്ച കളിയിലൂടെയും ഫ്രഞ്ച് പടയെ അവർ അക്ഷരാർഥത്തിൽ ശ്വാസം മുട്ടിക്കുകയായിരുന്നു.

ഈ ലോകകപ്പിൽ സ്പെയിനിൻറെ ഏറ്റവും മികച്ച പ്രകടനമായിരുന്നു അത്. ഗ്രൂപ്പ് എച്ചിൽ ഒന്നാമന്മാരായാണ് സ്പെയിൻ ലോകകപ്പ് പ്രയാണം ആരംഭിച്ചതെങ്കിലും കാര്യങ്ങൾ അത്ര സുഗമമായിരുന്നില്ല. ഉദ്ഘാടന മത്സരത്തിൽ അപ്രതീക്ഷിത കുതിപ്പ് നടത്തിയ കേപ് വെർദെ അവരെ ഗോളില്ലാ സമനിലയിൽ തളച്ചു. എന്നാൽ, സൗദി അറേബ്യക്കെതിരേ ഉണർന്നു നാല് ഗോളുകൾ അടിച്ചുകൂട്ടി. ഒടുവിൽ കടുത്ത പോരാട്ടം നടത്തിയ ഉറുഗ്വേയെ 10ന് പരാജയപ്പെടുത്തി ഗ്രൂപ്പ് ഘട്ടം മികച്ച രീതിയിൽ അവസാനിപ്പിച്ചു. റൗണ്ട് ഓഫ് 32ൽ ഓസ്ട്രിയയെ 30ന് തകർത്ത് സ്പെയിൻ സുഖകരമായി മുന്നേറി. എന്നാൽ, തുടർന്നുള്ള രണ്ട് റൗണ്ടുകളിലും യൂറോപ്യൻ എതിരാളികളുടെ കടുപ്പം മറികടക്കാൻ അവർക്ക് മൈക്കൽ മെറിനോയുടെ അവസാന നിമിഷ വിജയഗോളുകൾ വേണ്ടിവന്നു. റൗണ്ട് ഓഫ് 16ൽ പോർച്ചുഗലിനെതിരേ (10) ആയിരുന്നു മെറിനോയുടെ ആദ്യ ഗോൾ. പിന്നാലെ ബെൽജിയത്തിനെതിരായ മത്സരത്തിൽ (21) വീണ്ടുമൊരു അവസാന നിമിഷ വിജയം. ടൂർണമെൻറിൽ സ്പെയിൻ ഇതുവരെ വഴങ്ങിയ ഏക ഗോൾ.

ഓരോ മത്സരം കഴിയുന്തോറും സ്പെയിൻ മെച്ചപ്പെട്ടുകൊണ്ടിരിക്കുന്നു. ഫ്രാൻസിനെതിരായ മത്സരം അവരിലെ ചാമ്പ്യനെ പുറത്തുകൊണ്ടുവന്നു. ആദ്യമായി ഫൈനലിലെത്തി കിരീടം ചൂടിയ 2010ലെ ദക്ഷിണാഫ്രിക്കൻ ലോകകപ്പിന് ശേഷം മറ്റൊരു ഫൈനൽ.

മറുഭാഗത്ത്, ആവേശക്കടലിലൂടെയാണ് അർജൻറീനയുടെ യാത്ര. സ്വപ്നസമാനം, ഇതിഹാസതുല്യം എന്നൊക്കെ വിശേഷിപ്പിക്കാം. എത്ര ഗോൾ സ്വന്തം വലയിൽ വീണാലും അതിലപ്പുറം എതിർവലയിൽ അടിച്ചുകൂട്ടാനും അടിപ്പിക്കാനും കെൽപ്പുള്ള മെസി അസാധ്യ ഫോമിലാണ്. തുടർച്ചയായ രണ്ടാം ലോകകപ്പ് ഫൈനലാണവർക്ക്. ചരിത്രത്തിലെ ഏഴാം ഫൈനലും. അർജൻറീനയുടെ വഴി കഠിനമെങ്കിലും ആവേശഭരിതമായിരുന്നു. ഗ്രൂപ്പിൽ മൂന്നു വിജയങ്ങളോടെ തുടക്കം. മെസി ഈ ടൂർണമെൻറിൽ മാത്രം ഇതുവരെ എട്ടു ഗോളുകളും തൻറെ ലോകകപ്പ് കരിയറിലാകെ 21 ഗോളുകളും നേടിക്കഴിഞ്ഞു.

മെസിയുടെ ഹാട്രിക് മികവിൽ അൾജീരിയയെ 30നും, മെസിയുടെതന്നെ രണ്ട് ഗോളുകളുടെ കരുത്തിൽ ഓസ്ട്രിയയെ 20നും അർജൻറീന പരാജയപ്പെടുത്തി. തുടർന്ന് ജോർദാനെതിരെ 31 ന് വിജയം നേടിയപ്പോഴും മെസിയുടെ ഒരു ഗോൾ ഉണ്ടായിരുന്നു. അങ്ങനെ ഗ്രൂപ്പ് ഘട്ടത്തിൽ പൂർണാധിപത്യം. നോക്കൗട്ട് റൗണ്ടുകളിൽ കാര്യങ്ങൾ കൂടുതൽ കഠിനമായി. റൗണ്ട് ഓഫ് 32ൽ കേപ് വെർദെയുടെ കനത്ത വെല്ലുവിളി. കളി അധിക സമയത്തേക്ക് നീണ്ടു. 32ന് കൊച്ചുദാവീദിനെ മറികടക്കാൻ ലയണൽ സ്കലോണിയുടെ സംഘത്തിന് നന്നായി വിയർപ്പൊഴുക്കേണ്ടി വന്നു.

റൗണ്ട് ഓഫ് 16ലാകട്ടെ നാടകീയത ഉച്ചിയിൽ കയറി. ഈജിപ്തിനെതിരേ 79ാം മിനിറ്റ് വരെ 02ന് പുറകിൽ. അവസാന നിമിഷങ്ങളിൽ അവിശ്വസനീയമായ തിരിച്ചുവരവ്. 32 ന് വിജയം പിടിച്ചടക്കുകയും ചെയ്തു. ക്വാർട്ടർ ഫൈനലിൽ സ്വിറ്റ്സർലൻഡുമായി കട്ടക്കട്ട പോരാട്ടം. സ്കോർ 11ൽ നിൽക്കേ എതിരാളികൾ 10 പേരായിട്ടും ജയിക്കാൻ അധികസമയം വേണ്ടിവന്നു. ജൂലിയൻ ആൽവരെസിൻറെ ഉജ്വല ഗോളാണ് സ്വിസ് പ്രതിരോധം തകർത്തത്. ഒപ്പം ലൗതാരൊ മാർട്ടിനെസ് മൂന്നാമതൊരു ഗോൾ കൂടി നേടി വിജയം ഉറപ്പിച്ചു.

സെമി ഫൈനലിലും നാടകീയത ഒട്ടും കുറഞ്ഞില്ല. രണ്ടാം പകുതിയുടെ തുടക്കത്തിൽ ആൻറണി ഗോർഡനിലൂടെ ലീഡ് നേടി ഇംഗ്ലണ്ട് വിജയം ഉറപ്പിച്ച മട്ടിലായിരുന്നു. എന്നാൽ, എൻസോ ഫെർണാണ്ടസിൻറെ ലോംഗ് റേഞ്ച് അവരുടെ നെഞ്ചിൽ ഇടിവാളായി മിന്നി. പകരക്കാരനായി ഇറങ്ങിയ ലൗതാരോ മാർട്ടിനെസിൻറെ ഹെഡർ ഇംഗ്ലണ്ട് ഹൃദയം പിളർക്കുകയും ചെയ്തു. രണ്ടു ഗോളും വന്നത് മെസി മാന്ത്രികത്തിലൂടെ.

1966ൽ വില്ല പാർക്കിലായിരുന്നു ഇതിനു മുമ്പത്തെ ഏക സ്പെയിൻ അർജൻറീന ലോകകപ്പ് പോരാട്ടം. ഗ്രൂപ്പ് ഘട്ടത്തിലെ ഉദ്ഘാടന മത്സരമായിരുന്നു അത്. രണ്ടാം പകുതിയിൽ പിറന്ന ഗോളുകളുടെ ബലത്തിൽ അർജൻറീന 21ന് ജയിച്ചു. രണ്ട് ഗോളും നേടിയത് സെൻറർ ഫോർവേഡ് ലൂയിസ് ആർട്ടിം. മിഡ്ഫീൽഡർ പിരിയാണ് സ്പെയിനിനു വേണ്ടി ഗോൾ മടക്കിയത്.

ഫുട്ബോളിൻറെ പ്രണയക്കടലിൽ സ്പാനിഷ് പടക്കപ്പൽ അർജൻറൈൻ ടൈറ്റാനിക്കിനെ മുക്കുമോ ജീവിതംപോലെ പ്രവചനാതീതമാണ് ഫുട്ബോളും. അവസാനവിസിൽ വരെ ആർക്കും മോഹിക്കാം...

## ഹാളണ്ട് എഫക്റ്റ്, ഡാളസിലെ സ്റ്റോറിൽ വിസ്കി റാക്കൂൺ ഔട്ട് ഓഫ് സ്റ്റോക്ക്

ടെക്സാസ്: ലോകമെമ്പാടുമുള്ള ഫുട്ബോൾ ആരാധകരെയും സോഷ്യൽ മീഡിയയെയും ഒരേപോലെ ചിരിപ്പിക്കുകയും അതിശയിപ്പിക്കുകയും ചെയ്ത ഒരു ചിത്രമായിരുന്നു കഴിഞ്ഞ ദിവസം നോർവീജിയൻ സൂപ്പർ താരം എർലിംഗ് ഹാളണ്ട് പങ്കുവെച്ചത്. ടീം വിമാനത്തിൽ നിന്നും കയ്യിലൊരു കുപ്പിയുമായി നിൽക്കുന്ന ഒരു 'റാക്കൂൺ' രൂപവുമായി ചിരിച്ചുനിൽക്കുന്ന ഹാളണ്ടിൻറെ ചിത്രം നിമിഷങ്ങൾക്കകമാണ് വൈറലായത്. 'ഇത് എൻറെ കൂടെ പോന്നതാണ്' എന്ന ക്യാപ്ഷനോടെയായിരുന്നു താരം ചിത്രം പോസ്റ്റ് ചെയ്തത്.

എന്നാൽ വെറുമൊരു കളിപ്പാട്ടമല്ല, മറിച്ച് പ്രകൃതിദത്തമായി സ്റ്റഫ് ചെയ്തെടുത്ത ഒരു യഥാർത്ഥ റാക്കൂണിൻറെ രൂപമാണിത്. 'വിസ്കി റാക്കൂൺ' എന്നറിയപ്പെടുന്ന ഈ കൗതുക വസ്തുവിൻറെ വിലയറിഞ്ഞ് കണ്ണുതള്ളിയിരിക്കുകയാണ് ഇപ്പോൾ ആരാധകർ. അമേരിക്കയിലെ ടെക്സസിലുള്ള പ്രശസ്തമായ 'വൈൽഡ് ബിൽസ് വെസ്റ്റേൺ സ്റ്റോറിൽ' നിന്നാണ് ഹാളണ്ട് ഈ അപൂർവ രൂപം വാങ്ങിയത്. വില 750 യുഎസ് ഡോളർ, ഏകദേശം 72,000 ഇന്ത്യൻ രൂപ. കയ്യിൽ ഒരു കുപ്പിയുമായി മദ്യപിച്ചിരിക്കുന്ന രീതിയിൽ സ്റ്റഫ് ചെയ്തെടുത്ത ഈ റാക്കൂൺ രൂപത്തിന് വിപണിയിൽ ഇപ്പോൾ വൻ ഡിമാൻഡാണ്. മാഞ്ചസ്റ്റർ സിറ്റിയുടെ സൂപ്പർ സ്ട്രൈക്കറായ ഹാളണ്ടിൻറെ ചിത്രങ്ങൾ പുറത്തുവന്നതിന് പിന്നാലെ ഈ ഉത്പന്നം വാങ്ങാൻ ആളുകളുടെ വൻ തിരക്കാണ് അനുഭവപ്പെടുന്നത്. കടയിലും ഓൺലൈൻ സൈറ്റുകളിലും ഉണ്ടായിരുന്ന 'വിസ്കി റാക്കൂൺ' രൂപങ്ങൾ മണിക്കൂറുകൾക്കകം പൂർണമായും വിറ്റുതീർന്നു.

## എഫ്സിആർഎ ഭേദഗതി ബിൽ വർഷകാല സമ്മേളനത്തിൽ

ന്യൂഡൽഹി: പ്രതിഷേധങ്ങളെ ത്തുടർന്ന് കഴിഞ്ഞ പാർലമെൻറ് സമ്മേളനത്തിൽ പരിഗണിക്കാതിരുന്ന വിദേശ സംഭാവനാ നിയന്ത്രണ നിയമ (എഫ്സിആർഎ) ഭേദഗതി ബിൽ തിങ്കളാഴ്ച ആരംഭിക്കുന്ന പാർലമെൻറിൻറെ വർഷകാല സമ്മേളനത്തിൽ വീണ്ടും പരിഗണിക്കും.

നിലവിൽ ലോക്സഭയിൽ അവതരിപ്പിച്ച ബിൽ കേരളത്തിലെ നിയമസഭാ തെരഞ്ഞെടുപ്പും ക്രൈസ്തവ സഭകളുടെയും മറ്റു സന്നദ്ധ സംഘടനകളുടെയും പ്രതിഷേധവും കാരണം മുന്നോട്ടു പരിഗണിച്ചിരുന്നില്ല.

ഇന്നലെ ലോക്സഭാ സെക്രട്ടേറിയറ്റ് പ്രസിദ്ധീകരിച്ച ബുള്ളറ്റിനിൽ എഫ്സിആർഎ ഭേദഗതി ബിൽ ഉൾപ്പെടെ ഏഴ് ബില്ലുകൾ ലിസ്റ്റ് ചെയ്തിട്ടുണ്ട്.ആദ്യ ബില്ലിൽ മാറ്റം വരുത്തണമെന്നും എൻജിഒകളുടെ പ്രവർത്തന സ്വാതന്ത്ര്യത്തെ വരിഞ്ഞുമുറുക്കുന്ന തരത്തിൽ നിയമം ഭേദഗതി ചെയ്യരുതെന്നും ആവശ്യപ്പെട്ട് ഭാരത കത്തോലിക്കാ മെത്രാൻ സമിതി ആഭ്യന്തരമന്ത്രി അമിത് ഷായ്ക്കും ന്യൂനപക്ഷ മന്ത്രി കിരൺ റിജിജുവിനും നിവേദനം നൽകിയിരുന്നു.

## ലോകകപ്പ് ഫൈനൽ കാണാൻ ട്രംപ് എത്തും, ട്രോഫി സമ്മാനിക്കുക ഫിഫ പ്രസിഡൻറിനൊപ്പം

ന്യൂയോർക്ക്: അർജൻറീനസ്പെയിൻ ലോകകപ്പ് ഫൈനൽ കാണാൻ അമേരിക്കൻ പ്രസിഡൻറ് ഡോണൾഡ് ട്രംപ് സ്റ്റേഡിയത്തിലെത്തും.

ഞായറാഴ്ച ന്യൂയോർക്ക്ന്യൂജേഴ്സി സ്റ്റേഡിയത്തിൽ നടക്കുന്ന ഫൈനൽ മത്സരത്തിൽ ട്രംപ് പങ്കെടുക്കുമെന്ന് വൈറ്റ് ഹൗസ് ഔദ്യോഗികമായി സ്ഥിരീകരിച്ചു.

മത്സരശേഷം വിജയികൾക്ക് നൽകുന്ന ലോകകപ്പ് ട്രോഫി ഫിഫ പ്രസിഡൻറ് ജിയാനി ഇൻഫാൻറിനോയ്ക്കൊപ്പം ട്രംപും ചേർന്നാവും സമ്മാനിക്കുക.1966ൽ എലിസബത്ത് രാജ്ഞിയും, 1982ൽ സ്പെയിനിലെ കാർലോസ് രാജാവും ട്രോഫി കൈമാറിയതുപോലെ, രാഷ്ട്രത്തലവൻ ട്രോഫി സമ്മാനിക്കുന്ന പാരമ്പര്യം ഇത്തവണയും ആവർത്തിക്കുകയാണ്.

ഫൈനലിന് മുന്നോടിയായി വെള്ളിയാഴ്ച ന്യൂയോർക്കിലെ ട്രംപ് ടവറിൽ നടക്കുന്ന ഫിഫ റിസപ്ഷനിലും ട്രംപ് പങ്കെടുക്കും.

## സോനം വാംഗ്ചുക്കിൻറെ ആരോഗ്യം പ്രതിദിനം നിരീക്ഷിക്കാൻ നിർദേശം

ന്യൂഡൽഹി: കേന്ദ്ര വിദ്യാഭ്യാസമന്ത്രി ധർമേന്ദ്ര പ്രധാൻറെ രാജി ആവശ്യപ്പെട്ട് അനിശ്ചിതകാലം നിരാഹാരം നടത്തിവരുന്ന സോനം വാംഗ്ചുക്കിൻറെ ആരോഗ്യസ്ഥിതി പ്രതിദിനം നിരീക്ഷിക്കാൻ കേന്ദ്രസർക്കാരിനോട് ഡൽഹി ഹൈക്കോടതി നിർദേശിച്ചു. വാംഗ്ചുക്കിൻറെ മെഡിക്കൽ പരിശോധനകൾ പതിവായി നടത്തുന്നതിന് എതിർപ്പൊന്നുമില്ലെന്നു കേന്ദ്രം അറിയിച്ചിട്ടുണ്ട്. ഏതൊരു പൗരൻറെയും ജീവിതം വിലയേറിയതാണെന്നും അത് രക്ഷിക്കാനുള്ള എല്ലാ ശ്രമങ്ങളും സർക്കാർ നടത്തണമെന്നും ഡൽഹി ഹൈക്കോടതി പറഞ്ഞു. ധർമേന്ദ്ര പ്രധാൻറെ രാജി ആവശ്യപ്പെട്ടു കോക്രോച്ച് ജനതാ പാർട്ടി (സിജെപി) ഡൽഹി ജന്തർ മന്തറിൽ നടത്തുന്ന പ്രതിഷേധം പ്രതിദിനം ശക്തിപ്രാപിക്കുകയാണ്. സമാജ് വാദി പാർട്ടി, സിപിഎം, സിപിഐ, തൃണമൂൽ കോൺഗ്രസ്, ആർജെഡി തുടങ്ങിയ ഇന്ത്യ മുന്നണിയിലെ കക്ഷികളുടെ നേതാക്കളെല്ലാം ജന്തർ മന്തറിൽ നേരിട്ടെത്തി പിന്തുണ പ്രഖ്യാപിച്ചു. നാഷണൽ കോൺഫറൻസ് നേതാവ് ഒമർ അബ്ദുള്ളയും ശിവസേനയുടെ ഉദ്ധവ് താക്കറെയുമെല്ലാം പിന്തുണ നൽകിയിട്ടുണ്ട്.

## പ്ലസ് വൺ പരീക്ഷാ ഫലം ഇന്ന് പ്രസിദ്ധീകരിക്കും

തിരുവനന്തപുരം: സംസ്ഥാനത്തെ ഹയർ സെക്കൻഡറി, വൊക്കേഷണൽ ഹയർ സെക്കൻഡറി ഒന്നാം വർഷ പരീക്ഷാ ഫലം ഇന്ന് പ്രസിദ്ധീകരിക്കും. ഉച്ചകഴിഞ്ഞ് മൂന്നു മുതൽ ഫലം ലഭ്യമാകും. പരീക്ഷാ ഫലം ൃലൌഹേ.വലെ.സലൃമഹമ.ഴീ.ശി എന്ന വെബ്സൈറ്റിൽ ലഭ്യമാകും.

മുൻവർഷം ജൂൺ രണ്ടിനായിരുന്നു പരീക്ഷാ ഫലം പ്രസിദ്ധീകരിച്ചിരുന്നത്. ഈ വർഷം ജൂൺ മാസം പത്താം തീയതി പരീക്ഷാ ഫലം പ്രസിദ്ധീകരിക്കാൻ നിശ്ചയിച്ചിരുന്നെങ്കിലും പശ്ചിമേഷ്യയിൽ പരീക്ഷ മാറ്റിവെച്ചതിനെ തുടർന്ന് ഫലപ്രഖ്യാപനവും നീളുകയായിരുന്നു.

കേരളത്തിൽ മാർച്ച് അഞ്ചുമുതൽ 27 വരെ ആണ് പരീക്ഷ നടന്നത്. സയൻസ്, കൊമേഴ്സ്, ഹ്യുമാനിറ്റീസ് സ്ട്രീമുകളിലായി ആകെ നാലുലക്ഷം വിദ്യാർഥികളാണ് പരീക്ഷയ്ക്കായി രജിസ്റ്റർ ചെയ്തിരുന്നത്. എഴുത്തുപരീക്ഷ 80 മാർക്കിലും ഇൻറേണൽ അസസ്മെൻറ്,പ്രാക്ടിക്കൽ 20 മാർക്കിലുമാണ് നടത്തിയത്.

പരീക്ഷയിൽ വിജയിക്കാൻ ഓരോ വിഷയങ്ങൾക്കും കുറഞ്ഞത് 35 ശതമാനം മാർക്ക് വേണം. ഓരോ വിഷയങ്ങളിലും വിജയിക്കാൻ ആവശ്യമായ മാർക്ക് നേടാൻ കഴിയാത്തവർക്ക് സേ പരീക്ഷയ്ക്ക് അപേക്ഷിക്കാം.

## കള്ളൻ ഹെൽമെറ്റ് വച്ചില്ല; മോഷണം പോയ വാഹനത്തിന് പിഴ

കൊച്ചി: എറണാകുളം ചക്കരപ്പറമ്പിൽ മോഷണം പോയ വാഹനത്തിന് പിഴ. മോഷ്ടാവ് ഹെൽമെറ്റ് ധരിക്കാതെ സ്കൂട്ടർ ഓടിച്ചതിനാണ് പിഴ ചുമത്തിയിരിക്കുന്നത്.

ശനിയാഴ്ച രാത്രിയാണ് വീടിന് മുന്നിൽ നിർത്തിയിട്ടിരുന്ന സ്കൂട്ടർ മോഷണം പോയത്. സ്കൂട്ടർ മോഷ്ടിക്കുന്ന സമയത്ത് ഹെൽമെറ്റും ധരിച്ചു പോകുന്ന കള്ളൻ്റെ സിസിടി ദൃശ്യങ്ങൾ വൈറലായിരുന്നു.

എന്നാൽ വ്യാഴാഴ്ച ഉച്ചയ്ക്ക് 12.45ന് ചേർത്തല ഭാഗത്തു വച്ച് സ്കൂട്ടറിൽ യാത്ര ചെയ്യവെ മോഷ്ടാവ് ഹെൽമെറ്റ് വച്ചിരുന്നില്ല. തൊപ്പി മാത്രം വച്ചു കൊണ്ടായിരുന്നു കള്ളൻറെ യാത്ര. ഇതോടെ വാഹനം നഷ്ടപ്പെട്ട ഉടമ ഷിബുവിന് പിഴ ചുമത്തുകയും ചെയ്തു. പാലാരിവട്ടം പോലീസിൽ നൽകിയ പരാതിയിൽ അന്വേഷണം നടക്കുകയാണ്.

## സമൻസ് നൽകാനെത്തിയ പോലീസുകാരനെതിരേ പ്രതിയുടെ ആക്രമണം; പരാതി

കൊച്ചി: സമൻസ് നൽകാൻ പ്രതിയുടെ വീട്ടിൽ ചെന്ന പോലീസുകാരനെ കൈയേറ്റം ചെയ്തതായി പരാതി. ഞാറക്കൽ പോലീസ് സ്റ്റേഷൻ സിപിഒ ഷിബുവിനെയാണ് കൈയേറ്റം ചെയ്തത്. കഴിഞ്ഞ ദിവസം എടവനക്കാട് ചാത്തങ്ങാട് മായാ ബസാറിലാണ് സംഭവം.

ഇടുക്കി സൈബർ സ്റ്റേഷനിൽ നിന്നുള്ള അറിയിപ്പ് നല്കാനായി എത്തിയതായിരുന്നു പോലീസുകാരൻ. വീട്ടിലെത്തി കാര്യങ്ങൾ പറഞ്ഞു തീരും മുമ്പേ നെഞ്ചിൽ പിടിച്ച് തള്ളുകയും ഷർട്ടിനും കഴുത്തിനും കുത്തിപ്പിടിച്ച് ആക്രമിക്കാനും ശ്രമിച്ചു.

സംഭവത്തിൽ പോലീസുകാരൻ നൽകിയ പരാതിയിൽ എടവനക്കാട് പെരുമ്പടപ്പിൽ അഖിൽ എന്നയാൾക്കെതിരെ കേസെടുത്തു.

## അമ്മ അംഗങ്ങൾക്ക് ശ്വേത കമ്മറ്റിയുടെ കത്ത്

കൊച്ചി: താരസംഘടന അമ്മയിലെ അധികാര തർക്കവുമായി ബന്ധപ്പെട്ട വിഷയത്തിൽ അമ്മ അംഗങ്ങൾക്ക് ശ്വേത കമ്മറ്റിയുടെ കത്ത്. പിഴവുകൾ സംഭവിച്ചത് അനുഭവക്കുറവ് മൂലമാണെന്നും അത് തിരുത്താൻ ഉള്ള നടപടികൾ തുടങ്ങിയെന്നും കത്തിൽ ചൂണ്ടിക്കാട്ടുന്നു. കൂടുതൽ പക്വതയോടെയും ഉത്തരംവാദിത്തത്തോടെയും മുന്നോട്ട് പോകും.

ഇപ്പോൾ ചുമതല വഹിക്കുന്ന എക്സിക്യൂട്ടിവ് അംഗങ്ങൾ ഉത്തരവാദിത്തങ്ങൾ തുടർന്നും നിർവഹിക്കുമെന്നും സംഘടനയുടെ ദൈനംദിന പ്രവർത്തനങ്ങൾക്ക് ഒരു തടസവുമില്ലെന്നും ശ്വേത വ്യക്തമാക്കി. അതേസമയം, ശ്വേതയെ എതിർക്കുന്നവർ കത്തിന് മറുപടി നൽകിയിട്ടില്ല. കോടതിയുടെ അന്തിമവിധി വരുന്നത് വരെ കാത്തിരിക്കാനാണ് തീരുമാനം. 27നു എറണാകുളം മുൻസിഫ് കോടതി കേസ് പരിഗണിക്കും.

## കേരളത്തെ ആഗോള സെമികണ്ടക്ടർ ഹബ്ബാക്കി മാറ്റാൻ ലക്ഷ്യമിട്ട് സർക്കാർ

### നിക്ഷേപ സാധ്യതകൾ ചർച്ച ചെയ്യാൻ ഉന്നതതല യോഗം ചേർന്നു

ഇന്ത്യയിൽ വരാനിരിക്കുന്ന സെമികണ്ടക്ടർ വിപ്ലവത്തിൻ്റെ ഭാഗമായി സംസ്ഥാനത്തേക്ക് വൻകിട നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനായി മന്ത്രി പി. കെ. കുഞ്ഞാലിക്കുട്ടിയുടെ അധ്യക്ഷതയിൽ ഉന്നതതല യോഗം ചേർന്നു. ലോകം സാങ്കേതികവിദ്യയുടെ അടുത്ത ഘട്ടത്തിലേക്ക് കടക്കുമ്പോൾ, കേരളത്തെ ഒരു പ്രധാന സെമികണ്ടക്ടർ ഹബ്ബാക്കി മാറ്റുന്നതിനെക്കുറിച്ചുള്ള സുപ്രധാന ചർച്ചയാണ് മന്ത്രിയുടെ ഓഫീസിൽ നടന്നത്.

സെമികണ്ടക്ടർ ഉൽപ്പാദനത്തിന് ആവശ്യമായ പ്രകൃതി വിഭവങ്ങൾ, വൈദഗ്ധ്യമുള്ള മാനവ വിഭവശേഷി (ടസശഹഹലറ ഔാമി ഞലീൌൃരല), സാങ്കേതികവിദ്യയിലൂന്നിയ മികച്ച ഇക്കോസിസ്റ്റം എന്നിവ കേരളത്തിൽ ലഭ്യമാണ്. ഈ അനുകൂല ഘടകങ്ങളെ പരമാവധി പ്രയോജനപ്പെടുത്തി സംസ്ഥാനത്ത് നിക്ഷേപങ്ങൾ കൊണ്ടുവരാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. അടുത്തിടെ ഡൽഹിയിൽ നടന്ന ആഗോള സെമികണ്ടക്ടർ കോൺഫറൻസിലെ ആശയങ്ങൾ ഉൾക്കൊണ്ടാണ് കേരളത്തിലും പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്നത്. സെമികണ്ടക്ടർ ഉൽപ്പാദനത്തിൽ ആഗോള തലത്തിൽ മുൻപന്തിയിലുള്ള തായ്വാൻ, ദക്ഷിണ കൊറിയ, അമേരിക്ക തുടങ്ങിയ രാജ്യങ്ങളുടെ മാതൃക പിന്തുടർന്ന്, കേരളത്തിന്റെ വിഭവങ്ങളും സാധ്യതകളും ഉപയോഗപ്പെടുത്തി ഈ മേഖലയിൽ എങ്ങനെ അതിവേഗം മുന്നേറാം എന്നതായിരുന്നു യോഗത്തിന്റെ പ്രധാന അജണ്ട. തുടർനടപടികൾ വേഗത്തിലാക്കുന്നതിനായി വരും ദിവസങ്ങളിലും കൂടുതൽ ചർച്ചകൾ സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

## വിവാഹാലോചന നിരസിച്ചു; കിളിമാനൂരിൽ സിനിമാ സ്റ്റൈൽ തട്ടിക്കൊണ്ടുപോകലും മർദനവും

തിരുവനന്തപുരം: വിവാഹാലോചന നിരസിച്ചതിൻറെ മുൻവൈരാഗ്യത്തിൽ കുടുംബത്തെ തട്ടിക്കൊണ്ടുപോയി സൗണ്ട് പ്രൂഫ് മുറിയിൽ ചങ്ങലയ്ക്കിട്ട് ക്രൂരമായി പീഡിപ്പിച്ച സംഘത്തിനായി പോലീസ് അന്വേഷണം ഊർജിതമാക്കി. തിരുവനന്തപുരം സ്വദേശികളായ സുധീഷ്, ഷംനാദ് എന്നിവരുൾപ്പെടെ അഞ്ച് പ്രതികൾക്കായാണ് തിരച്ചിൽ.

കിളിമാനൂർ സ്വദേശി അനിൽകുമാർ, മകൻ അച്ചു എന്നിവരാണ് അക്രമത്തിന് ഇരയായത്. പ്രതികളിലൊരാൾക്ക് അനിൽകുമാറിൻറെ മകളെ വിവാഹം കഴിച്ചുനൽകാത്തതിലുള്ള മുൻവൈരാഗ്യമാണ് ആക്രമണത്തിന് പിന്നിലെന്ന് പോലീസ് പറഞ്ഞു.

സിനിമകളെ വെല്ലുന്ന ആസൂത്രണത്തോടെയാണ് പ്രതികൾ പദ്ധതി ആസൂത്രണം ചെയ്തത്. അനിൽകുമാറിനെ തട്ടിക്കൊണ്ടുപോയ സംഘം, നിർമാത്തിലിരിക്കുന്ന ഒരു വീടിനുള്ളിലെ ശബ്ദം പുറത്തുപോകാത്ത പ്രത്യേക മുറിയിലാണ് എത്തിച്ചത്. ഇവിടെ ചങ്ങലയിൽ ബന്ധിച്ച ശേഷം ഇരുമ്പ് വടികൊണ്ട് അനിൽകുമാറിൻറെ കൈ തല്ലിയൊടിച്ചു. തുടർന്ന് മകൻ അച്ചുവിനെയും ഇതേ സ്ഥലത്തേക്ക് വിളിച്ചുവരുത്തി ക്രൂരമായി മർദിക്കുകയായിരുന്നു. പ്ലെയർ ഉപയോഗിച്ച് അച്ചുവിൻറെ കൈവിരലുകൾ അക്രമികൾ പരിക്കേൽപ്പിച്ചു.

അനിൽകുമാറിൻറെ ഭാര്യയെയും തട്ടിക്കൊണ്ടുപോകാൻ സംഘം പദ്ധതിയിട്ടിരുന്നെങ്കിലും, ഇതിനിടെ വിവരം ലഭിച്ച പോലീസ് കൃത്യമായി ഇടപെട്ടതോടെയാണ് കൂടുതൽ അനിഷ്ട സംഭവങ്ങൾ ഒഴിവായത്. മൊബൈൽ ടവർ ലൊക്കേഷനുകളും സമീപത്തെ സിസിടിവി ദൃശ്യങ്ങളും കേന്ദ്രീകരിച്ച് രക്ഷപെട്ട പ്രതികൾക്കായി പോലീസ് വ്യാപക തിരച്ചിൽ ആരംഭിച്ചിട്ടുണ്ട്.

## പരീക്ഷാഫലം പ്രസിദ്ധീകരിച്ചു

കേരളത്തിലെ സർക്കാർ/ സ്വാശ്രയ കോളേജുകളിലേക്ക് 2026–27 അദ്ധ്യായന വർഷത്തെ ബാച്ചിലർ ഓഫ് ഡിസൈൻ (B.Des) കോഴ്സിനുള്ള പ്രൊവിഷണൽ പ്രവേശനപരീക്ഷാഫലം www.lbscentre.kerala.gov.inൽ പ്രസിദ്ധീകരിച്ചു. കൂടുതൽ വിവരങ്ങൾക്ക്: 0471–2324396, 2560327.

## അക്കൗണ്ട്സ് ഓഫീസർ

സിമെറ്റ് ഡയറക്ടറേറ്റിൽ അക്കൗണ്ട്സ് ഓഫീസർ തസ്തികയിലേക്ക് സെക്രട്ടേറിയേറ്റ് ധനകാര്യ വകുപ്പിൽ നിന്നും ജോയിന്റ് സെക്രട്ടറിയോ അതിന് മുകളിലോ ഉള്ള തസ്തികയിൽ നിന്നും വിരമിച്ച 58 വയസ്സ് തികയാത്തവരിൽ നിന്നും അപേക്ഷക്ഷണിച്ചു. ഒരു വർഷത്തെ കരാർ അടിസ്ഥാനത്തിലാണ് നിയമനം. ശമ്പളം: 36,000 രൂപ. www.simet.inൽ നിന്നും ലഭിക്കുന്ന അപേക്ഷ ഫോം പൂരിപ്പിച്ച്, പകർപ്പുകൾ സഹിതം ഡയറക്ടർ, സി–മെറ്റ്, പാറ്റൂർ, വഞ്ചിയൂർ പി.ഒ., തിരുവനന്തപുരം 695035 വിലാസത്തിൽ ജൂലൈ 31നകം അയക്കണം. കൂടുതൽ വിവരങ്ങൾക്ക്: www.simet.in, 0471 2302400, 9446028080.

# പി എസ്സി ചെയർമാനെയും അംഗങ്ങളെയും പിരിച്ചുവിട്ട് സമഗ്ര അന്വേഷണം നടത്തണം: പി കെ കൃഷ്ണദാസ്

തിരുവനന്തപുരം :കേരളത്തിലെ ലക്ഷക്കണക്കിന് ഉദ്യോഗാർത്ഥികളുടെ പ്രതീക്ഷയായിരുന്ന പബ്ലിക് സർവീസ് കമ്മീഷൻ ഇന്ന് അഴിമതിയുടെയും മൂടിവെക്കലുകളുടെയും കേന്ദ്രമായി മാറിയിരിക്കുകയാണെന്ന് ബിജെപി ദേശീയ നിർവാഹക സമിതി അംഗം പി.കെ. കൃഷ്ണദാസ് ആരോപിച്ചു.

ആസൂത്രണ ബോർഡിലെ നിയമനവുമായി ബന്ധപ്പെട്ട സുപ്രധാന രേഖകൾ കൈമാറാൻ സംസ്ഥാന വിവരാവകാശ കമ്മീഷൻ ഉത്തരവിട്ടിട്ടും അത് പരസ്യമായി നിരാകരിക്കാനും, വിവരാവകാശ കമ്മീഷന്റെ ഉത്തരവിനെതിരെ ഹൈക്കോടതിയെ സമീപിക്കാനുമാണ് പി.എസ്.സി ഒരുങ്ങുന്നത്. പൊതുജനങ്ങളിൽ നിന്നും ഉദ്യോഗാർത്ഥികളിൽ നിന്നും പി.എസ്.സിക്ക് എന്താണ് മറച്ചുവെക്കാനുള്ളതെന്ന് അദ്ദേഹം ചോദിച്ചു.

പി.എസ്.സി നടത്തുന്ന പരീക്ഷകളും മൂല്യനിർണയവും റാങ്ക് ലിസ്റ്റ് തയ്യാറാക്കലും നിയമനങ്ങളും പൂർണമായും സുതാര്യമാണെങ്കിൽ കമ്മീഷൻ എന്തിനെയാണ് ഭയപ്പെടുന്നത്? കഴിഞ്ഞ എൽ.ഡി.എഫ് ഭരണകാലത്തെ പത്ത് വർഷത്തിനിടെ പി.എസ്.സിയിൽ സമാനതകളില്ലാത്ത ക്രമക്കേടുകളും അഴിമതിയും നടന്നിട്ടുണ്ടെന്നും, അവയെല്ലാം മൂടിവെക്കാനുള്ള ആസൂത്രിത ശ്രമങ്ങളാണ് ഇപ്പോൾ നടക്കുന്നതെന്നും അദ്ദേഹം ആരോപിച്ചു.

ഈ സാഹചര്യത്തിൽ പി.എസ്.സി ചെയർമാനെയും അംഗങ്ങളെയും അടിയന്തരമായി പിരിച്ചുവിടണമെന്നും, കഴിഞ്ഞ പത്ത് വർഷത്തെ പരീക്ഷകൾ, മൂല്യനിർണയം, നിയമനങ്ങൾ എന്നിവയെല്ലാം സംബന്ധിച്ച് സമഗ്രവും സുതാര്യവുമായ അന്വേഷണം പ്രഖ്യാപിക്കണമെന്നും ബിജെപി ആവശ്യപ്പെടുന്നു. 2017 മുതൽ 2023 വരെയുള്ള ഉത്തരക്കടലാസുകളും ചോദ്യപ്പേപ്പറുകളും നശിപ്പിക്കാനുള്ള തീരുമാനം അടിയന്തരമായി റദ്ദാക്കി എല്ലാ രേഖകളും പിടിച്ചെടുത്ത് സംരക്ഷിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

ഭരണം മാറിയിട്ടും പി.എസ്.സിയിലെ അഴിമതി സംവിധാനത്തിന് യാതൊരു മാറ്റവും ഉണ്ടായിട്ടില്ല. തെളിവുകൾ നശിപ്പിക്കാൻ കമ്മീഷൻ ശ്രമിക്കുമ്പോഴും യു.ഡി.എഫ് സർക്കാർ നിസ്സംഗത തുടരുകയാണ്. അഴിമതിയുടെ കാര്യത്തിൽ എൽ.ഡി.എഫും യു.ഡി.എഫും രണ്ടല്ല, ഒന്നാണെന്നത് വീണ്ടും തെളിയുകയാണെന്നും കുറ്റക്കാർ ആരായാലും നിയമത്തിന് മുന്നിൽ കൊണ്ടുവരാൻ സർക്കാർ തയ്യാറാകണമെന്നും പി.കെ. കൃഷ്ണദാസ് പറഞ്ഞു.

അതേസമയം, രാജ്യത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന് നരേന്ദ്ര മോദി സർക്കാർ നൽകുന്ന പ്രഥമ പരിഗണനയുടെ മികച്ച ഉദാഹരണമാണ് അമൃത് ഭാരത് സ്റ്റേഷൻ പദ്ധതിയെന്ന് അദ്ദേഹം പറഞ്ഞു.

അമൃത് ഭാരത് സ്റ്റേഷൻ പദ്ധതിയുടെ ഭാഗമായി കേരളത്തിലെ 35 റെയിൽവേ സ്റ്റേഷനുകളുടെ പുനർനിർമ്മാണവും നവീകരണവും പുരോഗമിക്കുകയാണ്. ഇതിൽ എട്ട് സ്റ്റേഷനുകൾ സമ്പൂർണ പുനർനിർമ്മാണത്തിലൂടെ വിമാനത്താവളങ്ങൾക്ക് സമാനമായ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുകയാണ്. തിരുവനന്തപുരം, വർക്കല, കൊല്ലം, ചെങ്ങന്നൂർ, എറണാകുളം സൗത്ത്, എറണാകുളം നോർത്ത്, തൃശ്ശൂർ, കോഴിക്കോട് എന്നീ സ്റ്റേഷനുകളിലാണ് ഈ വികസന പ്രവർത്തനങ്ങൾ നടക്കുന്നത്.

ബാക്കിയുള്ള 27 സ്റ്റേഷനുകളിൽ 20 കോടി മുതൽ 60 കോടി രൂപ വരെ ചെലവഴിച്ചാണ് നവീകരണ പ്രവർത്തനങ്ങൾ നടപ്പാക്കുന്നത്. നവീകരണം പൂർത്തിയായ അങ്കമാലി, ചാലക്കുടി, തിരൂർ, പരപ്പനങ്ങാടി, നിലമ്പൂർ റോഡ്, തലശ്ശേരി എന്നീ ആറു റെയിൽവേ സ്റ്റേഷനുകളുടെ ഉദ്ഘാടനം നാളെ പ്രധാനമന്ത്രി നരേന്ദ്ര മോദി ഓൺലൈനായി നിർവഹിക്കുമെന്നും അദ്ദേഹം പറഞ്ഞു.

കേരളത്തിലെ റെയിൽവേ വികസനത്തിനായി ആകെ 3,300 കോടി രൂപയാണ് കേന്ദ്ര സർക്കാർ അനുവദിച്ചിരിക്കുന്നത്. ഇതിൽ ഏകദേശം 2,200 കോടി രൂപ റെയിൽവേ സ്റ്റേഷനുകളുടെ നവീകരണത്തിനും പുനർനിർമ്മാണത്തിനുമായി ചെലവഴിക്കുന്നു. കേരളത്തോടുള്ള മോദി സർക്കാരിന്റെ വികസന പ്രതിബദ്ധതയുടെ വ്യക്തമായ തെളിവാണ് 35 റെയിൽവേ സ്റ്റേഷനുകളെ അമൃത് ഭാരത് സ്റ്റേഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.

സ്വാതന്ത്ര്യാനന്തര ഇന്ത്യയുടെ ചരിത്രത്തിൽ ഇത്രയും വലിയ റെയിൽവേ വികസനവും സ്റ്റേഷൻ നവീകരണവും ഇതാദ്യമാണ്. രാജ്യത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന് നരേന്ദ്ര മോദി സർക്കാർ നൽകുന്ന പ്രാധാന്യം ജനങ്ങൾ തിരിച്ചറിയുമെന്നും, ഈ വികസന പ്രവർത്തനങ്ങളെ കേരളത്തിലെ ജനങ്ങൾ ഹൃദയപൂർവം സ്വാഗതം ചെയ്യുമെന്നും പി.കെ. കൃഷ്ണദാസ് പറഞ്ഞു.

# ഇ20 പെട്രോൾ ഒഴിച്ച് കാർ തകരാറിലായതിന് നഷ്ടപരിഹാരം നൽകണം; ഉപഭോക്തൃ കമ്മീഷനെതിരേ മാരുതി സുസുക്കി

റായ്പൂർ: എഥനോൾ പെട്രോൾ (ഇ20) ഒഴിച്ച് കാർ തകരാറിലായെന്ന പരാതിയിൽ റായ്പൂർ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ പുറപ്പെടുവിച്ച ഉത്തരവിനെതിരെ മാരുതി സുസുക്കി. പരാതിക്കാരൻറെ കാർ എഥനോൾ പെട്രോളിന് അനുയോജ്യമായ വാഹനമായിരുന്നുവെന്നും ഇത് ഓണേഴ്സ് മാന്വലിൽ വ്യക്തമാക്കിയിരുന്നുവെന്നും കമ്പനി അറിയിച്ചു.

ഉപഭോക്താവിൻറെ വാഹനത്തിൽനിന്ന് ശേഖരിച്ച ഇന്ധനത്തിൽ മായം കലർന്നതിൻറെ തെളിവുകളുണ്ട്. മറ്റ് പല പ്രസക്തമായ വസ്തുതകളും ഈ ഉത്തരവിൽ പ്രതിഫലിച്ചിട്ടില്ലെന്നും മാരുതി സുസുക്കി പുറത്തിറക്കിയ പ്രസ്താവനയിൽ പറഞ്ഞു.

ഉത്തരവിനെ ഉയർന്ന തലത്തിൽ ചോദ്യം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്നും മാരുതി സുസുക്കി അറിയിച്ചു. ഗുണനിലവാരം, സുരക്ഷ, ഉപഭോക്തൃ സംതൃപ്തി എന്നിവയിൽ മാരുതി സുസുക്കി എപ്പോഴും പൂർണ പ്രതിജ്ഞാബദ്ധരാണെന്നും കമ്പനി പ്രസ്താവനയിൽ കൂട്ടിച്ചേർത്തു.

ഡോ. പ്രേംരാജ് ദേവത് 2023ൽ വാങ്ങിയ മാരുതി ഗ്രാൻഡ് വിറ്റാര സ്ട്രോംഗ് ഹൈബ്രിഡ് കാറിൽ എഥനോൾ പെട്രോൾ ഉപയോഗിച്ചതിനെ തുടർന്ന് എൻജിൻ തകരാറിലായെന്നായിരുന്നു പരാതി. ഇരുപത്തിയൊന്നായിരത്തോളം കിലോമീറ്റർ ഓടിയ ശേഷം എൻജിൻ നിരന്തരം ഓഫാകാൻ തുടങ്ങി. എൻജിലും പൈപ്പിലും വെളുത്ത ജെല്ലി പോലുള്ള പദാർത്ഥം അടിഞ്ഞ് ഇന്ധന പ്രവാഹം തടസപ്പെട്ടതായും കണ്ടെത്തി. ഉപഭോക്തൃ കമ്മീഷനിൽ എത്തിയ പരാതിയിൽ ആരോപണം നിഷേധിച്ച മാരുതി സുസുക്കി വാഹന നിർമ്മാണത്തിൽ തകരാറില്ലെന്നും ഗുണനിലവാരം ഇല്ലാത്ത ഇന്ധനം ഉപയോഗിച്ചതാകാം കാരണമെന്നും മാരുതി സുസുക്കി വാദിച്ചിരുന്നു. എന്നാൽ വിപണിയിൽ ലഭ്യമാകുന്ന ഇന്ധനം കൃത്യമായി ഉപയോഗിക്കും വിധം സാങ്കേതിവിദ്യയോടെ വാഹനങ്ങളിൽ എത്തിക്കുക എന്നത് നിർമാതാക്കളുടെ ഉത്തരവാദിത്തമാണെന്നും കമ്മീഷൻ നിരീക്ഷിച്ചു. നിരന്തരം സർവീസ് സെൻററിൽ കയറ്റിയിട്ടും പ്രശ്നം പരിഹരിക്കാൻ കഴിയാത്തതും വീഴ്ചയായി കണ്ടെത്തി. തുടർന്ന് ഇ20 പെട്രോളിന് അനുയോജ്യമായ എൻജിനുള്ള വാഹനം പകരം നൽകാൻ കമ്മീഷൻ നിർദേശിക്കുകയായിരുന്നു. കാർ മാറ്റിനൽകിയില്ലെങ്കിൽ വിലയായ 20,50,000 രൂപ നൽകണം. മാനസിക ബുദ്ധിമുട്ട് ഉണ്ടാക്കിയതിന് ഒരുലക്ഷം രൂപയും കോടതി ചെലവുകൾക്കായി 10,000 രൂപ നൽകാനുമാണ് കമ്മീഷൻ ഉത്തരവിട്ടത്.

### അഡ്മിഷൻ ആരംഭിച്ചു

ചാക്ക ഗവ. ഐടിഐ, എസ്എസ്എൽസി/ പ്ലസ്ടു മുതൽ യോഗ്യതയുള്ളവർക്ക് പ്ലേസ്മെന്റ് സപ്പോർട്ടോടുകൂടി ഇന്റർനാഷണൽ ഡിപ്ലോമ ഇൻ കാർഗോ, ഷിപ്പിംഗ് ആൻഡ് ലോജിസ്റ്റിക്സ് മാനേജ്മെന്റ്, ഇന്റർനാഷണൽ ഡിപ്ലോമ ഇൻ ഹോസ്പിറ്റൽ ആൻഡ് ഓഫീസ് അഡ്മിനിസ്ട്രേഷൻ എന്നീ കോഴ്സുകളുടെ പുതിയ ബാച്ചിലേക്ക് അഡ്മിഷൻ ആരംഭിച്ചു. കൂടുതൽ വിവരങ്ങൾക്ക് : 9074303488.

# ഇസ്രോയിൽ കൂട്ടരാജി; ദൗത്യങ്ങൾ തടസപ്പെടാതിരിക്കാൻ നടപടിക്കൊരുങ്ങി കേന്ദ്രം

ന്യൂഡൽഹി: ഐഎസ്ആർഒയിൽനിന്ന് കഴിഞ്ഞ ഏതാനും മാസങ്ങളിലായി നൂറിലധികം ശാസ്ത്രജ്ഞർ രാജിവച്ചെന്ന് റിപ്പോർട്ട്. ഇതിൻറെ പശ്ചാത്തലത്തിൽ ഗഗൻയാൻ പോലെയുള്ള ദേശീയ പ്രാധാന്യമുള്ള നിർണായക ദൗത്യങ്ങൾ തടസപ്പെടാതിരിക്കാൻ തിരക്കിട്ട നീക്കങ്ങളുമായി കേന്ദ്രസർക്കാർ.

ഇന്ത്യയുടെ നിർണായക ബഹിരാകാശ ദൗത്യങ്ങളിൽ പ്രവർത്തിക്കുന്ന എ!ൻജിനിയർമാരുടെയും ശാസ്ത്രജ്ഞരുടെയും സ്വമേധയാ വിരമിക്കലും രാജിയും അനുവദിക്കില്ലെന്ന് ഐഎസ്ആർഒയിലെ പ്രധാന ബഹിരാകാശ ഗവേഷണ കേന്ദ്രങ്ങളെ ബഹിരാകാശ വകുപ്പ് അറിയിച്ചിട്ടുണ്ട്.

ഇന്ത്യൻ ബഹിരാകാശ ഗവേഷണകേന്ദ്രത്തിൻറെ വിവിധ സെൻററുകളിൽനിന്നാണ് രാജി. വിഎസ്എസ്സി, യുആർഎസ് സി, ചന്ദ്രയാൻ 3 തുടങ്ങിയ ദൗത്യങ്ങളിൽ പ്രവർത്തിച്ചിരുന്ന ഐഎസ്ആർഒയുടെ ഏറ്റവും അനുഭവസമ്പത്തുള്ള നൂറിലധികം ശാസ്ത്രജ്ഞരാണ് ചുമതലയൊഴിഞ്ഞത്. ഇതോടെ രാജ്യത്തിൻറെ അഭിമാന സ്ഥാപനത്തിൽ കടുത്ത പ്രതിഭാ ദാരിദ്ര്യം വന്നതായി വിവിധ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു. കടുത്ത ജോലിസമ്മർദവും സ്വകാര്യ ബഹിരാകാശ ഏജൻസികളിൽനിന്നുള്ള മോഹന വാഗ്ദാനങ്ങളുമാണ് കൂട്ടരാജിക്കു പിന്നിലെന്ന് സ്ഥിരീകരിക്കാത്ത റിപ്പോർട്ടുകളുണ്ട്.

അതേസമയം, നൂറോളം മുൻനിര ശാസ്ത്രജ്ഞർ രാജിവച്ചതിനെച്ചൊല്ലിയുള്ള ആശങ്കകൾക്ക് അടിസ്ഥാനമില്ലെന്ന് കേന്ദ്ര ശാസ്ത്ര സാങ്കേതിക സഹമന്ത്രി (സ്വതന്ത്ര ചുമതല) ഡോ. ജിതേന്ദ്ര സിംഗ് പറഞ്ഞു.

ഈ രാജികൾ ഭരണപരമായ നടപടിക്രമങ്ങളുടെ ഭാഗം മാത്രമാണെന്നും ഐഎസ്ആർഒയിൽ മറ്റ് വലിയ പ്രശ്നങ്ങളൊന്നും നിലനിൽക്കുന്നില്ലെന്നും അദ്ദേഹം വ്യക്തമാക്കി. ഈ വിഷയത്തിൽ യാതൊരുവിധ വിവാദവും ഇല്ലെന്നും മന്ത്രി കൂട്ടിച്ചേർത്തു.

ഈ മാസം 14നാണ് ബഹിരാകാശ വകുപ്പ് ജോയിൻറ് സെക്രട്ടറി രാജി അനുവദിക്കരുതെന്ന നിർദേശം നൽകിയിരിക്കുന്നത്. ശാസ്ത്രജ്ഞൻ, എൻജിനിയർ എന്നീ പദവികളിലുള്ളവരോ അതിന് താഴെയുള്ളവരോ ആയ ശാസ്ത്രസാങ്കേതിക ഉദ്യോഗസ്ഥരിൽനിന്ന് ലഭിക്കുന്ന അത്തരം അഭ്യർഥനകളെല്ലാം അന്തിമതീരുമാനത്തിനായി ഡയറക്ടർമാരുടെ വ്യക്തമായ ശിപാർശകളോടുകൂടി ബഹിരാകാശ വകുപ്പിലേക്ക് അയയ്ക്കണമെന്നാണ് കേന്ദ്രത്തിൻറെ നിർദേശം.

# കുമ്പഴയിൽ വാഹനാപകടം; സ്കൂട്ടർ യാത്രക്കാരി മരിച്ചു

പത്തനംതിട്ട: കുമ്പഴയിലുണ്ടായ വാഹനാപകടത്തിൽ സ്കൂട്ടർ യാത്രക്കാരിയായ വീട്ടമ്മ മരിച്ചു. കോന്നി പുളിമുക്ക് സ്വദേശിനി ഉഷാകുമാരിയാണ് (56) മരിച്ചത്.

ഭർത്താവ് സുരേന്ദ്രനൊപ്പം സ്കൂട്ടറിൽ ക്ഷേത്രദർശനത്തിന് പോകുന്നതിനിടെയായിരുന്നു അപകടം. കുമ്പഴയിൽ നിന്നും മലയാലപ്പുഴയ്ക്ക് പോകുന്ന റോഡിൽ വച്ച് . നിയന്ത്രണം വിട്ട സ്കൂട്ടർ മുന്നിലുണ്ടായിരുന്ന ടോറസ് ലോറിയുടെ പിൻഭാഗത്ത് തട്ടുകയും, തുടർന്ന് സ്കൂട്ടറിന്റെ പിൻസീറ്റിലിരുന്ന ഉഷാകുമാരി റോഡിലേക്ക് തെറിച്ചുവീഴുകയുമായിരുന്നു.

ഇവരുടെ ശരീരത്തിലൂടെ ലോറിയുടെ പിൻചക്രം കയറിയിറങ്ങി സംഭവസ്ഥലത്തുതന്നെ മരണം സംഭവിച്ചു.

അപകടത്തിൽ സ്കൂട്ടർ ഓടിച്ചിരുന്ന ഭർത്താവ് സുരേന്ദ്രൻ പരിക്കേൽക്കാതെ അത്ഭുതകരമായി രക്ഷപ്പെട്ടു. ഉഷാകുമാരിയുടെ മൃതദേഹം നിലവിൽ പത്തനംതിട്ട ജനറൽ ആശുപത്രി മോർച്ചറിയിലേക്ക് മാറ്റി.

## 'രക്ഷാപ്രവർത്തന' കേസ് അട്ടിമറി; അജിത് കുമാറിനോട് ഡിജിപി വിശദീകരണം തേടും

ആലപ്പുഴ: ആലപ്പുഴയിൽ നവകേരളാ യാത്രയ്ക്കിടെ യൂത്ത് കോൺഗ്രസ് പ്രവർത്തകർക്ക് മർദനമേറ്റെന്ന എഡിജിപി എം.ആർ. അജിത് കുമാറിനോട് സംസ്ഥാന പോലീസ് മേധാവി (ഡിജിപി) വിശദീകരണം ആവശ്യപ്പെടും. പ്രത്യേക അന്വേഷണ സംഘം സമർപ്പിച്ച റിപ്പോർട്ട് വിലയിരുത്തിയ ശേഷമാണ് ഡിജിപിയുടെ നീക്കം.

എഡിജിപിയുടെ മറുപടി ലഭിച്ചാലുടൻ ഡിജിപി ആഭ്യന്തര മന്ത്രാലയത്തിന് അന്തിമ റിപ്പോർട്ട് കൈമാറും. വിഷയത്തിൽ നടപടികൾ നീളുന്നതിനെതിരെ ഭരണകൂടത്തിനും ആഭ്യന്തര വകുപ്പിനുമെതിരെ ആക്ഷേപം ശക്തമാകുന്നതിനിടെയാണ് പുതിയ നീക്കങ്ങൾ.

അന്വേഷണ ഉദ്യോഗസ്ഥരെ ഓഫീസിലേക്ക് വിളിപ്പിച്ചു കേസ് അട്ടിമറിക്കാൻ എഡിജിപി നേരിട്ട് ഇടപെട്ടതായി റിപ്പോർട്ടിൽ കൃത്യമായി പറയുന്നില്ല. എങ്കിലും, നടപടികളിൽ അദ്ദേഹം ഇടപെട്ടതായി വ്യക്തമാക്കുന്ന ഉദ്യോഗസ്ഥരുടെ മൊഴികൾ അന്വേഷണ സംഘം രേഖപ്പെടുത്തിയിട്ടുണ്ട്. ഈ വെളിപ്പെടുത്തലുകളുടെ പശ്ചാത്തലത്തിലാണ് വിശദീകരണം തേടുന്നത്. ഡിജിപിയുടെ ഈ റിപ്പോർട്ട് അജിത് കുമാറിൻറെ ഔദ്യോഗിക ജീവിതത്തിന് കനത്ത തിരിച്ചടിയാകുമെന്നാണ് സൂചന.

# ത്രിഭാഷാ നയം: കുട്ടികളിൽ സമ്മർദം ഉണ്ടാക്കിയേക്കുമെന്ന് സുപ്രീംകോടതി

ന്യൂഡൽഹി: സിബിഎസ്ഇ പാഠ്യപദ്ധതിയുടെ ഭാഗമായി ഒമ്പതാം ക്ലാസിൽ ത്രിഭാഷാ നയം നടപ്പാക്കാനുള്ള തീരുമാനത്തിൽ ആശങ്ക പ്രകടിപ്പിച്ച് സുപ്രീംകോടതി. ബോർഡ് പരീക്ഷയ്ക്ക് തയാറെടുക്കുന്ന വിദ്യാർഥികൾക്ക് കടുത്ത മാനസിക സമ്മർദമുണ്ടാക്കുമെന്ന് ജസ്റ്റീസ് ബി.വി. നാഗരത്ന നിരീക്ഷിച്ചു.

തമിഴ്നാട്ടിലെ എല്ലാ ജില്ലകളിലും കേന്ദ്രസർക്കാരിൻറെ ജവഹർ നവോദയ വിദ്യാലയങ്ങൾ സ്ഥാപിക്കണമെന്ന മദ്രാസ് ഹൈക്കോടതി ഉത്തരവിനെതിരേ സംസ്ഥാന സർക്കാർ നൽകിയ ഹർജി പരിഗണിക്കുന്നതിനിടെയായിരുന്നു നിരീക്ഷണം. മൂന്നാം ഭാഷാപഠനം ആറാം ക്ലാസിൽ തന്നെ ആരംഭിച്ച് എട്ടാം ക്ലാസോടെ അവസാനിപ്പിക്കുകയാണു വേണ്ടതെന്നും കോടതി അഭിപ്രായപ്പെട്ടു.

നവോദയ സ്കൂളുകളിലെ ത്രിഭാഷാ നയം ചൂണ്ടിക്കാട്ടിയാണ് തമിഴ്നാട് വർഷങ്ങളായി ഇത്തരം സ്കൂളുകളെ എതിർക്കുന്നത്. എന്നാൽ, ത്രിഭാഷാ നയത്തിൽ എവിടെയും ഹിന്ദി നിർബന്ധമാക്കണമെന്നു പറയുന്നില്ലെന്നും സംസ്ഥാന ഭാഷയും ഇംഗ്ലീഷും കൂടാതെ മറ്റേതെങ്കിലും ഒരു മൂന്നാം ഭാഷ പഠിച്ചാൽ മതിയാകുമെന്നും ജസ്റ്റീസ് നാഗരത്ന ചൂണ്ടിക്കാട്ടി.

സിബിഎസ്ഇയുടെ ത്രിഭാഷാ നയത്തിനെതിരായ പൊതുതാത്പര്യ ഹർജി നിലവിൽ ചീഫ് ജസ്റ്റീസ് സൂര്യകാന്ത് അധ്യക്ഷനായ ബെഞ്ചിൻറെ പരിഗണനയിലാണ്.

## യൂട്യൂബർ രാജൻ ജോസഫ് ജാമ്യത്തിലിറങ്ങിയതിന് പിന്നാലെ അറസ്റ്റ്

പത്തനംതിട്ട: കോൺഗ്രസ് പത്തനംതിട്ട ജില്ലാ പഞ്ചായത്തംഗം ശ്രീനാദേവി കുഞ്ഞമ്മയെ അപമാനിച്ചെന്ന കേസിൽ യൂട്യൂബർ രാജൻ ജോസഫ് വീണ്ടും അറസ്റ്റിൽ. നേരത്തെ ഇതേ പരാതിയിൽ അറസ്റ്റിലായി ജാമ്യം നേടി പുറത്തിറങ്ങിയതിന് തൊട്ടുപിന്നാലെ, വീണ്ടും അപകീർത്തികരമായ വീഡിയോ സാമൂഹിക മാധ്യമങ്ങളിൽ പ്രചരിപ്പിച്ചതിനാണ് അടൂർ പോലീസ് ഇയാളെ എറണാകുളത്ത് നിന്ന് പിടികൂടിയത്. ഇന്നലെ രാത്രിയോടെയാണ് അറസ്റ്റ് രേഖപ്പെടുത്തിയത്.

ജാമ്യം ലഭിച്ച അതേ ദിവസം തന്നെ ശ്രീനാദേവി കുഞ്ഞമ്മയെ മോശമായി ചിത്രീകരിക്കുന്ന വീഡിയോ ഇയാൾ തൻറെ ചാനലിലൂടെ പങ്കുവെക്കുകയായിരുന്നു. രാജൻ ജോസഫിന് പുറമെ 'സിബി' എന്നൊരാൾക്കെതിരെയും പരാതി ലഭിച്ചിട്ടുണ്ട്. നിലവിൽ അടൂർ പോലീസ് സ്റ്റേഷനിൽ കസ്റ്റഡിയിലുള്ള പ്രതിയെ കൂടുതൽ ചോദ്യം ചെയ്യലിന് ശേഷം കോടതിയിൽ ഹാജരാക്കും.

## ലഹരി വില്പനക്കാരൻ അറസ്റ്റിലായതിൽ പൊല്ലാപ്പ്; പോലീസുകാരൻറെ ഭാര്യയ്ക്ക് അയൽവാസിയുടെ ഭീഷണി

കൊച്ചി: രാസലഹരി വിൽപ്പനക്കാരനെ കുറിച്ച് പോലീസിന് വിവരം നൽകി എന്നാരോപിച്ച് പോലീസുകാരൻറെ ഭാര്യയെ വീടിന് മുന്നിൽ വച്ച് അസഭ്യം പറഞ്ഞ് അവഹേളിക്കുകയും കുടുംബത്തിനെതിരെ ഭീഷണി മുഴക്കുകയും ചെയ്ത ദമ്പതികൾക്കെതിരെ ഞാറക്കൽ പോലീസ് കേസെടുത്തു. എടവനക്കാട് സെൻറ് അംബ്രോസ് റോഡിൽ ഷീജൻറെയും ഭാര്യയുടെയും പേരിലാണ് കേസെടുത്തത്.

എടവനക്കാട് ചൂളക്കടവിൽ ഷബന ആസ്മിയുടെ പരാതിയിലാണ് കേസ് എടുത്തിട്ടുള്ളത്. ചൊവ്വാഴ്ച പ്രതികളുടെ അയൽവാസിയും ലഹരി വില്പനക്കാരനുമായ കൊല്ലം പറമ്പിൽ ലെനിഷ് ലാലിനെ (33) ഡാൻസാഫ് സംഘം അറസ്റ്റ് ചെയ്തിരുന്നു.

ഇയാളെപ്പറ്റി വിവരം നൽകിയത് പരാതിക്കാരിയുടെ പോലീസ് ഉദ്യോഗസ്ഥനായ ഭർത്താവാണെന്ന് ആരോപിച്ചാണ് അസഭ്യം പറഞ്ഞത് ഭീഷണി മുഴക്കിയത്.

### പ്രവേശനപരീക്ഷാ ഹാൾ ടിക്കറ്റ് ഡൗൺലോഡ് ചെയ്യാം

ഇന്റഗ്രേറ്റഡ് ബി.ഡെസ് + എം.ഡെസ് ഡ്യുവൽ ഡിഗ്രി കോഴ്സിന്റെ പ്രവേശനവുമായി ബന്ധപ്പെട്ടു ജൂലൈ 19ന് നടത്തുന്ന കേരള ഇന്റഗ്രേറ്റഡ് ഡിസൈൻ ആപ്റ്റിട്യൂട് ടെസ്റ്റ് പ്രവേശനപരീക്ഷയുടെ ഹാൾ ടിക്കറ്റും ഞഞഞ[illegible] മുഖേന അപേക്ഷാർത്ഥികളുടെ ലോഗിനിൽ ഡൗൺലോഡ് ചെയ്യാം. കൂടുതൽ വിവരങ്ങൾക്ക് : 0471-2324396, 2560327.




ഭക്ഷ്യ സംരംഭകർക്കുള്ള പരിശീലന പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനവും “യൂത്ത് ഫോർ ഫുഡ് സേഫ്റ്റി” പദ്ധതിയുടെ ഔദ്യോഗിക പ്രഖ്യാപനവും മന്ത്രി കെ മുരളീധരൻ നിർവഹിക്കുന്നു

# എയ്ഡഡ് സ്കൂൾ താത്കാലിക നിയമനം എംപ്ലോ. എക്സ്ചേഞ്ച് വഴി വേണം

## വിദ്യാഭ്യാസ വകുപ്പിൻെറ സർക്കുലർ വിവാദമാകുന്നു

കോട്ടയം: എയ്ഡഡ് സ്കൂളുകളിലെ അധ്യാപക അനധ്യാപക തസ്തികകളിലെ താത്കാലിക നിയമനം എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് വഴിയാക്കണമെന്ന് വിദ്യാഭ്യാസവകുപ്പ്. പൊതുവിദ്യാഭ്യാസ വകുപ്പിലെ റീജണൽ ഡപ്യൂട്ടി ഡയറക്ടറുടെ പേരിലാണ് സർക്കുലർ പുറത്തിറങ്ങിയിരിക്കുന്നത്. ഞഉഉഒടജ്ള/443/2026 അ1 നമ്പരായി കഴിഞ്ഞ പതിനഞ്ചിന് ഇറക്കിയ സർക്കുലറാണ് ഇപ്പോൾ പുറത്തുവന്നിരിക്കുന്നത്.

ഇതു പ്രകാരം സർക്കാർ എയ്ഡഡ് സ്കൂളുകളിൽ ഉണ്ടാകുന്ന താത്കാലിക, ദിവസവേതന ഒഴിവുകൾ സ്ഥാപനങ്ങൾ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽ അറിയിച്ച് നികത്താനുള്ള നടപടി സ്വീകരിക്കണം. അധ്യയന വർഷം തുടങ്ങുന്നതിനു മുന്പു തന്നെ ഒഴിവുകൾ അറിയിക്കണമെന്നും ഉത്തരവിൽ പറയുന്നു. എല്ലാ സ്കൂൾ പ്രിൻസിപ്പൽ മാർക്കുമായിട്ടാണ് സർക്കുലർ പുറപ്പെടുവിച്ചിരിക്കുന്നത്.

അതേസമയം, എയ്ഡഡ് മാനേജ്മെൻറിൻറെ നിയമനത്തിനുള്ള അധികാരത്തിന്മേലുള്ള കൈകടത്തലാണ് പുതിയ നിർദേശം എന്നു ചൂണ്ടിക്കാണിക്കപ്പെടുന്നു. സുപ്രീം കോടതി അടക്കം എയ്ഡഡ് സ്ഥാപനങ്ങളിലെ നിയമനത്തിനുള്ള അവകാശം അതതു മാനേജ്മെൻറുകൾക്കാണെന്നു പലവട്ടം ചൂണ്ടിക്കാണിച്ചിട്ടുള്ളതാണ്. ഇതിനു വിരുദ്ധമായിട്ടാണ് ഇപ്പോൾ വിദ്യാഭ്യാസവകുപ്പ് നിർദേശം പുറപ്പെടുവിച്ചിരിക്കുന്നത്.

നിലവിൽ മാനേജ്മെൻറുകൾ തന്നെയാണ് താത്കാലിക നിയമനങ്ങൾ നടത്തുന്നത്. ഇതിനു തടയിടാനുള്ള നീക്കമാണ് സർക്കാർ നടത്തുന്നതെന്നാണ് ആക്ഷേപം.

സർക്കാരിൻറെ നിയമവിരുദ്ധ നീക്കത്തിനെതിരേ കടുത്ത പ്രതിഷേധം ഉയരുമെന്ന സൂചനകൾ പുറത്തുവന്നുകഴിഞ്ഞു.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# പ്രിയദർശിനി വൻവിജയമെന്ന് മന്ത്രി സി പി ജോൺ

## ഗതാഗത മേഖലയിൽ സമഗ്ര പരിഷ്കാരങ്ങളുമായി സർക്കാർ

സംസ്ഥാന സർക്കാർ കെഎസ്ആർടിസി മുഖേന നടപ്പാക്കിയ സ്ത്രീകൾക്കും ട്രാൻസ്ജെന്റർ വ്യക്തികൾക്കുമുള്ള 'പ്രിയദർശിനി' സൗജന്യ യാത്രാ പദ്ധതി വൻവിജയമായതായി മന്ത്രി സി പി ജോൺ. ഗതാഗത വകുപ്പിന്റെ കഴിഞ്ഞ 50 ദിവസത്തെ പ്രവർത്തനങ്ങൾ വിശദീകരിക്കാൻ തിരുവനന്തപുരം വഴുതക്കാട് ട്രാൻസ് ടവറിലെ കോൺഫറൻസ് ഹാളിൽ നടത്തിയ വാർത്താസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി.

പ്രിയദർശിനി പദ്ധതിയിൽ ഇതുവരെ 3.81 കോടി സൗജന്യ യാത്രകളാണ് നടത്തിയത്. പ്രതിദിനം യാത്ര ചെയ്യുന്ന സ്ത്രീകളുടെ എണ്ണം 5.5 ലക്ഷത്തിൽ നിന്ന് 12.71 ലക്ഷമായി ഉയർന്നു. നിലവിൽ കെഎസ്ആർടിസി യാത്രക്കാരിൽ 66 ശതമാനവും സ്ത്രീകളാണെന്നും പദ്ധതി കാരണം പുരുഷ യാത്രക്കാരുടെ എണ്ണത്തിൽ കുറവ് വന്നിട്ടില്ലെന്നും മന്ത്രി പറഞ്ഞു. ശ്രീ ചിത്ര തിരുനാൾ എഞ്ചിനീയറിങ് കോളേജിന്റെ സഹായത്തോടെ പദ്ധതിയുടെ സാമ്പത്തികവും സാമൂഹികവുമായ വിഷയങ്ങൾ പഠിക്കും.

പൊതുഗതാഗത ഉപയോഗം വർധിച്ചതോടെ കാർബൺ ഡയോക്സൈഡ് പുറം തള്ളൽ ഗണ്യമായി കുറഞ്ഞതായി മന്ത്രി പറഞ്ഞു. കാർബൺ ഡയോക്സൈഡ് പെർക്യാപ്പിറ്റ പുറം തള്ളലിൽ 100 കിലോഗ്രാം കുറവ് വന്നു. (ആയിരം യാത്രക്കാർക്ക് 504 കിലോഗ്രാം എന്നത് 404 കിലോഗ്രാം ആയി കുറഞ്ഞു). കെഎസ്ആർടിസി ആപ്പിലൂടെ ലഭിച്ച പ്രതികരണങ്ങളിൽ 11572 പേർ പദ്ധതിക്ക് ഫൈവ് സ്റ്റാർ റേറ്റിങ് നൽകിയിട്ടുണ്ടെന്ന് മന്ത്രി പറഞ്ഞു. ഗവി, നെല്ലിയാമ്പതി, പൊന്മുടി, മലക്കപ്പാറ തുടങ്ങിയ വിനോദ സഞ്ചാര കേന്ദ്രങ്ങളിലേക്കുള്ള യാത്രക്കാരുടെ എണ്ണത്തിലും ശ്രദ്ധേയമായ വർധന ഉണ്ടായതായി മന്ത്രി കൂട്ടിച്ചേർത്തു. വികേന്ദ്രീകരണം, ജനകീയവൽക്കരണം എന്നീ നയങ്ങൾ മുൻനിർത്തിയാണ് ഗതാഗത വകുപ്പ് മുന്നോട്ടുള്ള നടപടികൾ ആവിഷ്ക്കരിക്കുന്നത്. കെഎസ്ആർടിസിയുടെ ഭരണസംവിധാനം കൂടുതൽ ജനകീയമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ 94 ഡിപ്പോകളിലും അതത് മണ്ഡലങ്ങളിലെ എംഎൽഎമാരെ ചെയർമാന്മാരാക്കി ട്രാൻസ്പോർട്ട് മാനേജ്മെന്റ് കമ്മിറ്റികൾ രൂപീകരിക്കുമെന്ന് മന്ത്രി അറിയിച്ചു. തദ്ദേശ സ്ഥാപന അധ്യക്ഷന്മാരും ജനപ്രതിനിധികളും രാഷ്ട്രീയ കക്ഷി പ്രതിനിധികളും ഉൾപ്പടെ കമ്മിറ്റികളിൽ അംഗങ്ങളാകും.

യാത്രാ സേവനങ്ങൾക്കും പരാതികൾക്കുമായി 24 മണിക്കൂറും പ്രവർത്തിക്കുന്ന കെഎസ്ആർടിസിയുടെ ടോൾ ഫ്രീ കോൾ സെന്റർ നമ്പർ (149) പ്രവർത്തനം ആരംഭിച്ചു. ഇന്ധനക്ഷമതയും സുരക്ഷിത ഡ്രൈവിങ്ങും പ്രോത്സാഹിപ്പിക്കുന്നതിന് ഡ്രൈവർമാർക്കും കണ്ടക്ടർമാർക്കും പ്രത്യേക പ്രോത്സാഹനങ്ങൾ നൽകുമെന്നും മന്ത്രി പറഞ്ഞു.

വാഹന അപകടങ്ങളിൽ ഗുരുതരമായി പരിക്കേറ്റവർക്ക് 1.5 ലക്ഷം രൂപ വരെ സൗജന്യ ചികിത്സാ സഹായം ലഭ്യമാക്കുന്ന കേന്ദ്ര സർക്കാരിന്റെ പിഎം റാഹത് പദ്ധതി തിരുവനന്തപുരം മെഡിക്കൽ കോളേജിൽ വിജയകരമായി നടപ്പാക്കി. ഇത് സംസ്ഥാനമൊട്ടാകെ ഉടൻ വ്യാപിപ്പിക്കുമെന്നും അതിനുള്ള നടപടികൾ സ്വീകരിക്കുമെന്നും മന്ത്രി പറഞ്ഞു.

സമൂഹത്തിൽ ഉത്തമമായ ഗതാഗത സംസ്ക്കാരവും മാതൃകാപരമായ ഗതാഗത നിയമപാലനവും പൂർണ സുരക്ഷിതമായ ഗതാഗത സംവിധാനങ്ങളും ലക്ഷ്യമിട്ട് സംസ്ഥാനത്ത് സമഗ്രമായ ഗതാഗത സാക്ഷരതാ യജ്ഞത്തിന് തുടക്കം കുറിക്കും. വിദ്യാർഥികളുടെ പാഠ്യപദ്ധതിയിലും റോഡ് സുരക്ഷ ഉൾപ്പെടുത്തും. കാൽനടയാത്രക്കാരുടെ സുരക്ഷ ഉറപ്പാക്കാൻ തിരക്കേറിയ പ്രധാന റോഡുകളിലെ സീബ്രാ ക്രോസിങ്ങുകളുടെ വീതി 3 മീറ്ററിൽ നിന്ന് 6 മീറ്ററായി വർധിപ്പിക്കുമെന്നും മന്ത്രി അറിയിച്ചു. ഭിന്നശേഷിക്കാർക്കുള്ള കെഎസ്ആർടിസി യാത്രാപാസിന്റെ വരുമാന പരിധി 20,000 രൂപയിൽ നിന്ന് 50,000 രൂപയാക്കി. ഭിന്നശേഷിക്കാർക്കുള്ള വാഹന നികുതി ഇളവിനുള്ള വാഹനവില പരിധി 7 ലക്ഷത്തിൽ നിന്ന് 15 ലക്ഷമായും ഉയർത്തി. പി എസ് സി ലിസ്റ്റിൽ നിന്ന് 60 മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരെ നിയമിച്ചതായും വകുപ്പിലെ പ്രവർത്തന ഏകോപനം സുഗമമാക്കുന്നതിനായി ഗതാഗത വകുപ്പ് മന്ത്രി അധ്യക്ഷനായ പ്രത്യേക കോർഡിനേഷൻ കമ്മിറ്റി എല്ലാ ആഴ്ചയും യോഗം ചേരുമെന്നും മന്ത്രി അറിയിച്ചു.

തിരുവനതപുരം വേളിയിൽ നിന്ന് കഠിനംകുളത്തേക്ക് പാർവതി പുത്തനാറിലൂടെ സൗരോർജത്തിൽ പ്രവർത്തിക്കുന്ന പുതിയ പാസഞ്ചർ ബോട്ട് സർവീസ് ആരംഭിക്കുമെന്നും മന്ത്രി പറഞ്ഞു.

ഗതാഗത വകുപ്പ് സെക്രട്ടറി ടി വി അനുപമ, റോഡ് സുരക്ഷാ കമ്മീഷണർ യോഗേഷ് ഗുപ്ത, ട്രാൻസ്പോർട്ട് കമ്മീഷണർ നാഗരാജു ചകിലം, മെട്രോപൊളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി സിഇഒ ഡോ അരുൺ എസ് നായർ, കെഎസ്ആർടിസി സിഎംഡി ഡോ പി എസ് പ്രമോജ് ശങ്കർ എന്നിവർ വാർത്താസമ്മേളനത്തിൽ പങ്കെടുത്തു.

## മദ്യപാനത്തിനിടെ തർക്കം; ഗ്ലാസ് ഉടച്ച് സുഹൃത്തിനെ കുത്തി, കേസ്

കൊച്ചി: മദ്യപാനത്തിനിടെ സുഹൃത്തുക്കൾ തമ്മിലുണ്ടായ വാക്കുതർക്കത്തിൽ സംഘർഷം. മദ്യം കഴിച്ചിരുന്ന ഗ്ലാസ് ഉടച്ച് ചില്ലുകൊണ്ട് കുത്തി ഒരാൾക്ക് പരിക്ക്.

മില്ലു വഴി അഴീക്കടവിൽ ശ്രീകാന്തിന് (47) ആണ് പരിക്കേറ്റത്. നെറ്റിയിൽ പുരികത്തിൻറെ ഭാഗത്ത് കുത്തേറ്റ ഇയാളെ എറണാകുളം ജനറൽ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

വ്യാഴാഴ്ച വൈകിട്ട് വൈപ്പിൻ പണിക്കർപടി ഭാഗത്തായിരുന്നു സംഭവം. ശ്രീകാന്തിൻറെ പരാതിയിൽ പുതുവൈപ്പ് സ്വദേശി സോമൻ (60) എന്നയാൾക്കെതിരെ മുളവുകാട് പോലീസ് കേസ് എടുത്തു.

# ഇറാനിൽ കനത്ത യുഎസ് വ്യോമാക്രമണം: 7 മരണം

ദുബായ്: ഇറാനിൽ അമേരിക്ക നടത്തിയ കനത്ത വ്യോമാക്രമണത്തിൽ വൻ നാശം. ഏഴു പേർ കൊല്ലപ്പെട്ടു. നിരവധിപ്പേർക്കു പരിക്കേറ്റിട്ടുണ്ട്. തെക്കൻ ഇറാനിലെ തന്ത്രപ്രധാനമായ ഹോർമുസ് കടലിടുക്കിനു സമീപമുള്ള വിമാനത്താവളവും റെയിൽവേ സ്റ്റേഷനും പാലങ്ങളും ആക്രമണത്തിൽ തകർന്നു. തുടർച്ചയായ ആറാം ദിവസമാണ് അമേരിക്ക ഇറാനിൽ കനത്ത ആക്രമണം നടത്തുന്നത്. കഴിഞ്ഞ മാസം ഒപ്പുവച്ച താത്കാലിക വെടിനിർത്തൽ കരാർ പൂർണമായും തകർന്നതോടെയാണ് പശ്ചിമേഷ്യ വീണ്ടും യുദ്ധത്തിൻറെ കരിനിഴലിലായത്.

ബന്ദർ അബ്ബാസ് തുറമുഖ നഗരത്തിലെ റെയിൽവേ സ്റ്റേഷൻ, ഇറാൻഷഹർ വിമാനത്താവളം, ഹോർമോസ്ഗാൻ പ്രവിശ്യയിലെ ബന്ദർ ഖമീർ തീരദേശ നഗരത്തിലുള്ള രണ്ടു പാലങ്ങൾ എന്നിവയാണ് അമേരിക്കൻ സൈന്യം പ്രധാനമായും ആക്രമിച്ചത്. വിമാനത്താവളത്തിനുസമീപം മൂന്നു വൻ സ്ഫോടനങ്ങൾ നടന്നതായി ഇറാൻ ഔദ്യോഗിക മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു. ബന്ദർ അബ്ബാസ് റെയിൽവേ സ്റ്റേഷനിൽ നടന്ന ആക്രമണത്തിൽ രണ്ട് ഇറാൻ പൗരന്മാർക്കു പരിക്കേറ്റു. കോഹൗറെസ്ഥാൻ ഗ്രാമത്തിലെ ഷോർ നദിക്ക് കുറുകെയുമുള്ള പാലങ്ങളും തകർക്കപ്പെട്ടവയിൽ ഉൾപ്പെടുന്നു. രാജ്യത്തെ ഏക സിവിലിയൻ ആണവനിലയമുള്ള ബുഷെഹറിലും സ്ഫോടനശബ്ദങ്ങൾ കേട്ടതായി പ്രാദേശികമാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു.

ഇറാൻറെ സൈനിക ശേഷി ദുർബലപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ആക്രമണം ശക്തമാക്കുകയായിരുന്നുവെന്ന് യുഎസ് സെൻട്രൽ കമാൻഡ് വ്യക്തമാക്കി. തീരദേശ നിരീക്ഷണ കേന്ദ്രങ്ങൾ, വ്യോമ പ്രതിരോധ സംവിധാനങ്ങൾ, സൈനിക അടിസ്ഥാന സൗകര്യങ്ങൾ എന്നിവയാണ് അമേരിക്ക പ്രധാനമായും ലക്ഷ്യമിടുന്നത്. ലോകത്തിലെ ഏറ്റവും പ്രധാനപ്പെട്ട എണ്ണ വ്യാപാര പാതയായ ഹോർമുസ് കടലിടുക്കിലെ ഗതാഗതം ഇറാൻ തടസപ്പെടുത്തിയതാണ് പശ്ചിമേഷ്യ യുദ്ധസാഹചര്യങ്ങളിലേക്കു നീങ്ങാൻ കാരണം.

ഹോർമുസിലെ ഗതാഗത തടസം പിൻവലിച്ചില്ലെങ്കിൽ ഇറാനിലെ പാലങ്ങളും ഊർജനിലയങ്ങളും ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ തകർക്കുമെന്ന് യുഎസ് പ്രസിഡൻറ് ഡോണൾഡ് ട്രംപ് നേരത്തെ മുന്നറിയിപ്പു നൽകിയിരുന്നു. ഇതിനുപിന്നാലെയാണ് അടിസ്ഥാനസൗകര്യങ്ങൾ ലക്ഷ്യമാക്കി ആക്രമണം വ്യാപിപ്പിച്ചത്. അമേരിക്കൻ സൈന്യം ഇറാൻ തുറമുഖങ്ങൾക്കെതിരേ നാവിക ഉപരോധവും പുനരാരംഭിച്ചെന്ന് യുഎസ് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു.

അതേസമയം, അമേരിക്കൻ ആക്രമണങ്ങൾക്കു ശക്തമായ തിരിച്ചടിയുമായി ഇറാനും രംഗത്തെത്തി. മേഖലയിലെ അമേരിക്കൻ സൈനിക താവളങ്ങൾക്കും അമേരിക്കയുടെ സഖ്യരാജ്യങ്ങൾക്കുംനേരേ ഇറാൻ മിസൈൽ, ഡ്രോൺ ആക്രമണങ്ങൾ നടത്തി. ഖത്തർ, കുവൈത്ത്, ബഹ്റൈൻ, ജോർദാൻ എന്നീ രാജ്യങ്ങളിലെ ലക്ഷ്യസ്ഥാനങ്ങളിലേക്കാണ് ഇറാൻ ആക്രമണം നടത്തിയത്. കഴിഞ്ഞ ഒരാഴ്ചയായി തുടരുന്ന അമേരിക്കൻ ആക്രമണങ്ങളിൽ ഇറാനിൽ ഇതിനോടകം മുപ്പത്തിയഞ്ചിലധികം പേർ കൊല്ലപ്പെടുകയും മുന്നൂറോളം പേർക്കു പരിക്കേൽക്കുകയും ചെയ്തതായി ഇറാൻ അധികൃതർ വ്യക്തമാക്കി.

## പ്രീമെട്രിക് സ്കോളർഷിപ്പിന് അപേക്ഷിക്കാം

9, 10 ക്ലാസുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർഥികൾക്കുള്ള 2026-27 വർഷത്തെ സെൻട്രൽ പ്രീമെട്രിക് സ്കോളർഷിപ്പ് പദ്ധതിയ്ക്ക് ഒന്നാം ഘട്ട അപേക്ഷ ക്ഷണിച്ചു. സർക്കാർ/എയ്ഡഡ് സർക്കാർ അംഗീകൃത അൺ എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്നവരും കുടുംബവാർഷിക വരുമാന പരിധി 2.50 ലക്ഷം രൂപ വരെയുള്ളവരുമായ പട്ടികജാതി വിദ്യാർഥികൾ ആഗസ്റ്റ് 15നകം അപേക്ഷിക്കണം. അപേക്ഷകൾ സ്കൂളിൽ നിന്നും ഇ-ഗ്രാന്റ്സ് പോർട്ടൽ മുഖേന ഓൺലൈനായി നൽകണം. കൂടുതൽ വിവരങ്ങൾ ഫോൺ: 0471-2737251, 2737252.

## കാട്രേഷൻ ക്ഷണിച്ചു

ഫിഷറീസ് വകുപ്പ് തിരുവനന്തപുരം ജില്ലയിൽ ജൂലൈ 31 അർദ്ധരാത്രി മുതൽ ജൂൺ 9, 2027 അർദ്ധരാത്രി വരെ കടൽ പട്രോളിംഗിനും കടൽ രക്ഷാ പ്രവർത്തനങ്ങൾക്കുമായി ഒരു യന്ത്രവത്കൃത ബോട്ട് വാടകയ്ക്ക് ലഭ്യമാക്കുന്നതിനുള്ള ക്വട്ടേഷൻ ക്ഷണിച്ചു. കൂടുതൽവിവരങ്ങൾക്ക്: 0471-2480335, 2481118, 9496007035.

# മുർഷിദാബാദിൽ ട്രെയിൻ സ്കൂൾ വാനിലിടിച്ചു; മൂന്ന് വിദ്യാർത്ഥികൾ മരിച്ചു, നാലുപേർ അതീവ ഗുരുതരാവസ്ഥയിൽ

മുർഷിദാബാദ്: പശ്ചിമ ബംഗാളിലെ മുർഷിദാബാദിൽ ട്രെയിൻ സ്കൂൾ വാനിലിടിച്ച് മൂന്ന് വിദ്യാർത്ഥികളടക്കം നാല് പേർ മരിച്ചു. ഇന്ന് രാവിലെ ഏഴ് മണിയോടെ അസിംഗഞ്ച്കട്‌വ റെയിൽവേ സെക്ഷനിലെ കർണസുബർണ സ്റ്റേഷനും ഗോബിന്ദപുർ റെയിൽ ഗേറ്റിനും ഇടയിലായിരുന്നു അപകടം. നിംതിതകട്‌വ ലോക്കൽ ട്രെയിനാണ് സ്കൂൾ വാനിനെ ഇടിച്ചത്.

റെയിൽ ഗേറ്റ് തുറന്നിട്ടിരുന്നതിനെത്തുടർന്ന് വിദ്യാർത്ഥികളുമായി പോവുകയായിരുന്ന വാനും ഒരു സൈക്കിൾ യാത്രക്കാരനും പാളത്തിലൂടെ കടക്കാൻ ശ്രമിക്കുന്നതിനിടെയാണ് ട്രെയിൻ വാനിൽ ഇടിച്ചത്. തൊട്ടുമുമ്പ് മറ്റൊരു ട്രെയിൻ കടന്നുപോയതിന് ശേഷവും റെയിൽ ഗേറ്റ് തുറന്നുകിടക്കുകയായിരുന്നുവെന്നും ഗേറ്റ്മാൻറെ അനാസ്ഥയാണ് അപകടത്തിന് കാരണമായതെന്നും നാട്ടുകാർ ആരോപിക്കുന്നു.

അപകടത്തിൽ വാനിന് ഗുരുതരമായ നാശനഷ്ടങ്ങൾ സംഭവിച്ചു. നാട്ടുകാർ ചേർന്നാണ് ആദ്യം രക്ഷാപ്രവർത്തനം നടത്തിയത്. പരിക്കേറ്റവരെ കർണസുബർണ ബ്ലോക്ക് ആശുപത്രിയിലും പിന്നീട് ഗുരുതരാവസ്ഥയിലുള്ളവരെ ബെർഹാംപൂരിലെ മുർഷിദാബാദ് മെഡിക്കൽ കോളേജ് ആശുപത്രിയിലേക്കും മാറ്റി.

സംഭവത്തിൽ പോലീസും റെയിൽവേ അധികൃതരും വെവ്വേറെ അന്വേഷണം ആരംഭിച്ചു. ഗേറ്റ്മാൻറെ വീഴ്ചയെക്കുറിച്ച് അന്വേഷിക്കാൻ ഈസ്റ്റേൺ റെയിൽവേ പ്രത്യേക സംഘത്തെ നിയോഗിച്ചിട്ടുണ്ട്. റെയിൽവേ ഗേറ്റ് തുറന്നുകിടന്നു; സ്കൂൾ വാനിൽ ട്രെയിനിടിച്ച് മൂന്ന് വിദ്യാർത്ഥികളുടെ മരണം.

# കേതൻ അഗർവാൾ കൊലക്കേസ്: സിയ ഗോയലിൻെറ കുടുംബ ഉടമസ്ഥതയിലുള്ള സ്ഥാപനം അടച്ചുപൂട്ടാൻ നോട്ടീസ്

പൂന: പൂനയിലെ വ്യവസായി കേതൻ അഗർവാളിൻറെ കൊലപാതകക്കേസിലെ പ്രതി സിയ ഗോയലിൻറെ കുടുംബത്തിൻറെ ഉടമസ്ഥതയിലുള്ള സുഗന്ധവ്യഞ്ജന സ്ഥാപനം അടച്ചുപൂട്ടാൻ മഹാരാഷ്ട്ര ഭക്ഷ്യസുരക്ഷാ വകുപ്പ് നോട്ടീസ് നൽകി. മാനദണ്ഡങ്ങൾ ലംഘിച്ചതിനെ തുടർന്നാണ് നടപടിയെന്ന് അധികൃതർ അറിയിച്ചു.

പൂനയിൽ പ്രവർത്തിക്കുന്ന എംഎസ് ബി.ജി ഗോയൽ ആൻഡ് കമ്പനി എന്ന സ്ഥാപനത്തിനെതിരെയാണ് നടപടി. നിലവിൽ ജയിലിൽ കഴിയുന്ന പ്രതി സിയ ഗോയലിൻറെ കുടുംബത്തിൻറെ ഉടമസ്ഥതയിലുള്ളതാണ് ഈ സ്ഥാപനം. അടുത്ത ഉത്തരവുണ്ടാകുന്നത് വരെ ബിസിനസ് പ്രവർത്തനങ്ങൾ നിർത്തിവയ്ക്കാൻ ആവശ്യപ്പെട്ടിരിക്കുന്നത്.

ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ സ്ഥാപനത്തിൽ പരിശോധന നടത്തി ഭക്ഷ്യോത്പന്നങ്ങളുടെ സാമ്പിളുകൾ ശേഖരിച്ചു. മഞ്ഞൾപ്പൊടി, എള്ള്, സോയാബീൻ ചങ്ക്സ് എന്നിവയാണ് ശേഖരിച്ചത്. ലേബലിംഗിലെ അപാകതകളും മായം ചേർക്കൽ സംശയവും മുൻനിർത്തി 8.14 ലക്ഷം രൂപ വിലമതിക്കുന്ന 4,172 കിലോഗ്രാം ഉത്പന്നങ്ങൾ പരിശോധനയിൽ പിടിച്ചെടുത്തു.

ജൂൺ 18 ന് ലോഹഗഡ് കോട്ടയിൽ വച്ച് ട്രെക്കിംഗിനിടെ, സിയ ഗോയലും കാമുകൻ ചേതൻ ചൗധരിയും ചേർന്ന് സിയയുടെ പ്രതിശ്രുത വരൻ കേതൻ അഗർവാളിനെ മലമുകളിൽ നിന്ന് തള്ളിയിട്ട് കൊലപ്പെടുത്തിയെന്നാണ് കേസ്. കൊലപാതകക്കേസിലെ അന്വേഷണവുമായി തങ്ങൾ സഹകരിക്കുന്നുണ്ടെന്നും അനാവശ്യമായി ബുദ്ധിമുട്ടിക്കുകയാണെന്നും ആരോപിച്ച് സിയയുടെ പിതാവ് പ്രവീൺ ഗോയൽ രംഗത്തെത്തി. മകൾ കുറ്റക്കാരിയാണെന്നു തെളിഞ്ഞാൽ വധശിക്ഷ നൽകണമെന്നും അദ്ദേഹം പറഞ്ഞു. ഭക്ഷ്യസുരക്ഷാ വകുപ്പ് പിടിച്ചെടുത്തവയെല്ലാം പ്രമുഖ ബ്രാൻഡുകളുടെ ഉൽപന്നങ്ങളാണെന്നും പ്രവീൺ വ്യക്തമാക്കി.

# മുഖ്യമന്ത്രി എൻഎസ്എസ് തർക്കം: അനുനയ നീക്കവുമായി പി.ജെ. കുര്യൻ; സുകുമാരൻ നായരുമായി സംസാരിക്കും

കോട്ടയം: മുഖ്യമന്ത്രിയും എൻഎസ്എസ് നേതൃത്വവും തമ്മിലുള്ള തർക്കം രൂക്ഷമാകുന്നതിനിടെ, അനുനയ നീക്കവുമായി മുതിർന്ന കോൺഗ്രസ് നേതാവ് പി.ജെ. കുര്യൻ. എൻഎസ്എസ് ജനറൽ സെക്രട്ടറി ജി. സുകുമാരൻ നായരുമായി പി.ജെ. കുര്യൻ ഈ വിഷയത്തിൽ സംസാരിക്കാൻ ഒരുങ്ങുകയാണ്. പാർട്ടി നിർദേശപ്രകാരമല്ല, മറിച്ച് സ്വന്തം നിലയിലാണ് കുര്യൻ മധ്യസ്ഥശ്രമത്തിന് മുൻകൈ എടുക്കുന്നത്.

സുകുമാരൻ നായരുമായി അടുത്ത ബന്ധം പുലർത്തുന്ന നേതാവെന്ന നിലയിലാണ് പി.ജെ. കുര്യൻ മധ്യസ്ഥതയ്ക്ക് തയ്യാറെടുക്കുന്നത്. മുഖ്യമന്ത്രിയെ കാണാൻ എൻഎസ്എസ് നേതൃത്വം സമയം ചോദിച്ചിരുന്നെങ്കിലും അനുമതി ലഭിച്ചില്ലെന്ന ആരോപണവും, ഇത് മുഖ്യമന്ത്രി നിഷേധിച്ചതുമാണ് തർക്കത്തിന് കാരണമായത്.

മുഖ്യമന്ത്രിയുടെ വിശദീകരണം തൃപ്തികരമല്ലെന്നും താൻ ഇനി അദ്ദേഹത്തെ കാണാനില്ലെന്നും സുകുമാരൻ നായർ വ്യക്തമാക്കി. ബജറ്റ് തിരക്കുകൾ കാരണമാണ് കൂടിക്കാഴ്ച വൈകിയതെങ്കിൽ അത് അപ്പോൾ തന്നെ അറിയിക്കാമായിരുന്നുവെന്നും അദ്ദേഹം കുറ്റപ്പെടുത്തി.

# കർണാടക മന്ത്രിസഭാ വികസനം വീണ്ടും അനിശ്ചിതത്വത്തിൽ

ന്യൂഡൽഹി: കർണാടകയിലെ മന്ത്രിസഭാ വികസനം സംബന്ധിച്ച ചർച്ചകൾ അനിശ്ചിതമായി നീളുന്നു. മുഖ്യമന്ത്രി ഡി.കെ. ശിവകുമാർ, മുൻ മുഖ്യമന്ത്രി സിദ്ധരാമയ്യ, കെപിസിസി അധ്യക്ഷൻ ബി.കെ. ഹരിപ്രസാദ് എന്നിവർ ഡൽഹിയിലെത്തി രാഹുൽ ഗാന്ധിയുമായി നടത്തിയ കൂടിക്കാഴ്ചയിൽ അന്തിമ തീരുമാനമായില്ല. എഐസിസി പ്രസിഡൻറ് മല്ലികാർജുൻ ഖാർഗെ അടിയന്തരമായി ബംഗളൂരുവിലേക്ക് മടങ്ങിയതും ചർച്ചകൾ പൂർത്തിയാക്കാൻ തടസമായി.

പഴയ മന്ത്രിമാരുടെ പേരുകൾ മാത്രം അടങ്ങിയ പട്ടികയിൽ രാഹുൽ ഗാന്ധി അതൃപ്തി പ്രകടിപ്പിച്ചതായാണ് റിപ്പോർട്ട്. 2028ലെ തെരഞ്ഞെടുപ്പ് ലക്ഷ്യമിട്ട് യുവനേതാക്കൾക്ക് മന്ത്രിസഭയിൽ കൂടുതൽ അവസരം നൽകണമെന്നാണ് രാഹുലിൻറെ നിർദേശം. രാഹുൽ ഗാന്ധിയും കെ.സി. വേണുഗോപാലും സംസ്ഥാന നേതാക്കളുടെ അഭിപ്രായങ്ങൾ കേട്ടതായും, ഖാർഗെ തിരിച്ചെത്തിയ ശേഷം മറ്റൊരു റൗണ്ട് ചർച്ച കൂടി നടത്തിയ ശേഷമേ അന്തിമ തീരുമാനമുണ്ടാകൂ എന്നും നേതാക്കൾ വ്യക്തമാക്കി. ഓഗസ്റ്റ് ആദ്യവാരം തുടങ്ങുന്ന നിയമസഭാ സമ്മേളനത്തിന് മുൻപായി മന്ത്രിസഭാ വികസനം പൂർത്തിയാക്കാനാണ് നേതൃത്വം ശ്രമിക്കുന്നത്. നിലവിൽ 20 മന്ത്രിസ്ഥാനങ്ങളും ഒരു സ്പീക്കർ സ്ഥാനവും ഒഴിഞ്ഞുകിടക്കുകയാണ്.

# പന്ത്രണ്ടുകാരിയെ പീഡിപ്പിച്ച് കൊലപ്പെടുത്തി; ഒരാൾ അറസ്റ്റിൽ

മുംബൈ: മഹാരാഷ്ട്രയിലെ വാർധ ജില്ലയിലെ ഗ്രാമത്തിൽ പന്ത്രണ്ട് വയസ്സുകാരിയെ വീട്ടിനുള്ളിൽ കൊല്ലപ്പെട്ട നിലയിൽ കണ്ടെത്തി. കുട്ടിയെ ലൈംഗികമായി പീഡിപ്പിച്ച ശേഷം കല്ലുകൊണ്ട് തലയ്ക്കടിച്ചു കൊലപ്പെടുത്തിയതാണെന്നാണ് പ്രാഥമിക നിഗമനം.

കൊലപാതകത്തിന് ഉപയോഗിച്ചതെന്ന് കരുതുന്ന രക്തം പുരണ്ട കല്ല് സംഭവസ്ഥലത്തുനിന്ന് പോലീസ് കണ്ടെടുത്തിട്ടുണ്ട്. കൊലപാതകത്തിനു മുൻപ് പെൺകുട്ടി ക്രൂരമായ ലൈംഗിക അതിക്രമത്തിന് ഇരയായിട്ടുണ്ടെന്നാണ് പ്രാഥമിക നിഗമനമെന്ന് വാർധ പൊലീസ് സൂപ്രണ്ട് സൗരവ് കുമാർ അഗർവാൾ പറഞ്ഞു. മരണത്തിന്റെ യഥാർഥ കാരണം വ്യക്തമാകാൻ വിശദമായ പോസ്റ്റ്മോർട്ടം റിപ്പോർട്ടിനായി കാത്തിരിക്കുകയാണെന്നും അദ്ദേഹം പറഞ്ഞു.

പെൺകുട്ടിയുടെ അമ്മയുടെ പരാതിയിൽ ഭാരതീയ ന്യായ സംഹിതയിലെ വിവിധ വകുപ്പുകളും പോക്സോ നിയമപ്രകാരവും അജ്ഞാതർക്കെതിരെ എഫ്ഐആർ രജിസ്റ്റർ ചെയ്തിരുന്നു. അന്വേഷണത്തിന്റെ ഭാഗമായി ആദ്യം മൂന്ന് പേരെ പൊലീസ് കസ്റ്റഡിയിലെടുത്തിരുന്നു. ഇതിൽ പെൺകുട്ടിയുടെ വീടിനു തൊട്ടടുത്തുള്ള കൃഷിയിടത്തിൽ ജോലി ചെയ്യുന്ന രാഹുൽ രാജു മഡാവി (30) എന്ന തൊഴിലാളിയുടെ അറസ്റ്റ് രേഖപ്പെടുത്തിയിട്ടുണ്ട്.

കേസ് അന്വേഷണത്തിനായി പ്രത്യേക അന്വേഷണ സംഘത്തെയും നിയോഗിച്ചിട്ടുണ്ട്. പ്രതിക്ക് കടുത്ത ശിക്ഷ ഉറപ്പാക്കുമെന്ന് മഹാരാഷ്ട്ര ആഭ്യന്തര സഹമന്ത്രി പങ്കജ് ഭോയർ വ്യക്തമാക്കി.

അതേസമയം, പോസ്റ്റ്മോർട്ടത്തിന് ശേഷം മൃതദേഹം വിട്ടുനൽകിയപ്പോൾ ആശുപത്രിക്ക് മുന്നിൽ വൻ ജനരോഷം അരങ്ങേറി. പ്രതിക്ക് വധശിക്ഷ നൽകണമെന്നും കേസ് അതിവേഗ കോടതിയിൽ വിചാരണ ചെയ്യണമെന്നും ആവശ്യപ്പെട്ട് നാട്ടുകാരും ബന്ധുക്കളും റോഡ് ഉപരോധിച്ചു. സംഘർഷാവസ്ഥ കണക്കിലെടുത്ത് പ്രദേശത്ത് വൻ പോലീസ് സന്നാഹത്തെ വിന്യസിച്ചിരിക്കുകയാണ്.

# ബസ് കാത്ത് നിൽക്കെ അതിക്രമം; കർണാടകയിൽ യുവതിയെ വെട്ടിക്കൊലപ്പെടുത്തി

ബംഗളൂരു: കർണാടകയിലെ ബണ്ട്വാളിൽ പട്ടാപ്പകൽ യുവതിയെ വെട്ടിക്കൊലപ്പെടുത്തി. കല്ലഡ്കയിലെ സ്വകാര്യ നഴ്സിംഗ് ഹോമിൽ ജോലി ചെയ്യുന്ന ബണ്ട്വാൾ ഉലിഗ്രാം സ്വദേശിനി ലാവണ്യ (21) ആണ് ആണ് മരിച്ചത്.

കൊലപാതകത്തിന് ശേഷം സംഭവസ്ഥലത്തുനിന്ന് ഓടിരക്ഷപെട്ട ബെൽത്തങ്ങാടി ഒഡിൽനാല സ്വദേശിയായ പ്രതി ചേതന് വേണ്ടി പോലീസ് അന്വേഷണം ഊർജിതമാക്കിയിട്ടുണ്ട്. ബിസി റോഡിലുള്ള പുതിയ കെഎസ്ആർടിസി ബസ് സ്റ്റാൻഡിൽ വ്യാഴാഴ്ച വൈകുന്നേരമായിരുന്നു സംഭവം.

വ്യാഴാഴ്ച വൈകിട്ട് ആറോടെ ലാവണ്യ ബസ് കാത്തുനിൽക്കുന്ന സമയത്താണ് പ്രതി അരികിലെത്തിയത്. ചേതൻ ബാഗിൽ നിന്ന് കൊടുവാൾ പുറത്തെടുത്തത് കണ്ട് ഭയന്നോടിയ ലാവണ്യയെ ഇയാൾ പിന്തുടർന്ന് ക്രൂരമായി വെട്ടിവീഴ്ത്തുകയായിരുന്നു. തുടർന്ന് ആയുധം അവിടെത്തന്നെ ഉപേക്ഷിച്ചാണ് പ്രതി രക്ഷപെട്ടത്.

ചോരയിൽ കുളിച്ചുകിടന്ന യുവതിയെ ഉടൻ തന്നെ നാട്ടുകാർ ബണ്ട്വാൾ സർക്കാർ ആശുപത്രിയിൽ പ്രവേശിപ്പിച്ചെങ്കിലും തീവ്രപരിചരണത്തിനിടെ മരണത്തിന് കീഴടങ്ങുകയായിരുന്നു. ഉന്നത പോലീസ് ഉദ്യോഗസ്ഥർ സ്ഥലത്തെത്തി അന്വേഷണത്തിന് മേൽനോട്ടം വഹിക്കുന്നുണ്ട്.

## 2,200 കോടി രൂപയുടെ കടപ്പത്രം പുറപ്പെടുവിക്കുന്നു

സംസ്ഥാനത്തിന്റെ വികസനപ്രവർത്തനങ്ങളുടെ ധനശേഖരണാർഥം 2,200 കോടി രൂപയുടെ കടപ്പത്രം പുറപ്പെടുവിക്കുന്നു. ഇതിനായുള്ള ലേലം ജൂലൈ 21ന് റിസർവ് ബാങ്കിന്റെ മുംബൈ ഫോർട്ട് ഓഫീസിൽ ഇ-കുബേർ സംവിധാനം വഴി നടക്കും. ലേലം സംബന്ധിച്ച വിജ്ഞാപനത്തിനും (നമ്പർ: എസ്.എസ്-1/267/2026ഫിൻ. തീയതി 16.07.2026 & നമ്പർ: എസ്.എസ്-1/268/2026ഫിൻ. തീയതി 16.07.2026) വിശദാംശങ്ങൾക്കും ധനവകുപ്പിന്റെ വെബ്സൈറ്റ് സന്ദർശിക്കുക.

# സാങ്കേതിക പിഴവിന്റെ പേരിൽ നിരസിച്ച ബോണസ് തുക മന്ത്രി ഇടപെട്ട് അനുവദിച്ചു

നെല്ല് സംഭരണത്തിന് രജിസ്റ്റർ ചെയ്തപ്പോൾ ഗ്രൂപ്പ് ഓപ്ഷൻ മാറിപ്പോയെന്ന സാങ്കേതിക പിഴവിന്റെ പേരിൽ നെൽകർഷക സമിതിക്ക് മൂന്നുവർഷമായി നൽകാതിരുന്ന ബോണസ് തുക അനുവദിച്ചു. കഴിഞ്ഞ സർക്കാരിൽ പലതവണ അപേക്ഷിച്ചിട്ടും നിരസിച്ച ബോണസ് തുകയാണു ഭക്ഷ്യ-സിവിൽ സപ്ലൈസ് മന്ത്രി അനൂപ് ജേക്കബിന്റെ ഇടപെടലിൽ കർഷകസമിതിക്ക് അനുവദിച്ചത്.

തിരുവനന്തപുരം കൊല്ലയിൽ പഞ്ചായത്തിലെ കളത്തറയ്ക്കൽ നെൽകർഷക സമിതി, 2023-24 സീസണിൽ നെല്ല് സംഭരണത്തിന് 10.5 ഹെക്ടർ സ്ഥലം അക്ഷയ വഴി രജിസ്റ്റർ ചെയ്തപ്പോൾ 'ഗ്രൂപ്പ്' എന്ന ഓപ്ഷൻ എന്നിടത്ത് ശ്രദ്ധിക്കാതെ 'വ്യക്തിഗത' ഓപ്ഷനാണ് തിരഞ്ഞെടുത്തത്. ഇതുവഴി, ഗ്രൂപ്പിനത്തിൽ ലഭിക്കേണ്ട സംസ്ഥാന പ്രോത്സാഹന ബോണസ് അനുവദിച്ചിരുന്നില്ല. കർഷകരുടെ ദുരിതം ശ്രദ്ധയിൽപ്പെട്ട മന്ത്രി, അർഹതപ്പെട്ട തുക ഒരു സാങ്കേതിക പിഴവിന്റെ പേരിൽ നിഷേധിക്കുന്നത് ഉചിതമല്ലെന്നു വ്യക്തമാക്കി തുക അനുവദിക്കാൻ പ്രത്യേക അനുമതി നൽകണമെന്നു നിർദ്ദേശിക്കുകയായിരുന്നു. 1,29,783 രൂപയാണ് അനുവദിച്ചത്.